## ചൈനീസ് വിപ്ലവം (1911)

മഞ്ചു രാജവംശത്തിന്റെ കീഴിൽ ചൈന അനുദിനമെന്നോണം തകർച്ചയെ നേരിട്ടു. ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ പോയി ആയിരക്കണക്കിന് ചൈനീസ് വിദ്യാർത്ഥികൾ പാശ്ചാത്യ വിദ്യാഭ്യാസം പൂർത്തിയാക്കി സ്വരാജ്യത്തേക്ക് തിരിച്ചുവന്നു.

നവീന ആശയക്കാർ ചൈനയുടെ പഴയ ജീവിത രീതിയിലും അതിന്റെ പിന്നോക്കാവസ്ഥയിലും ചൈനയിൽ പാരമ്പര്യത്തിനുള്ള സ്വാധീനത്തിലും അതൃപ്തരായിരുന്നു. ചൈനയെ നവീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യണമെന്ന് ജനങ്ങൾ ആഗ്രഹിച്ചു. അതിന്റെ ഭാഗമായി പ്രവിശ്യാ സ്വയംഭരണം, വിദ്യാഭ്യാസ പരിഷ്കാരം, പാശ്ചാത്യ ശാസ്ത്രങ്ങളുടെ പഠനം തുടങ്ങിയവ ചൈനയിൽ ആരംഭിച്ചു. എന്നാൽ മഞ്ചുവംശ ഭരണാധികാരികൾ പരിഷ്കാരങ്ങളുടെ വേഗത കുറിച്ചു.

മഞ്ചുവംശത്തിലെ ഭരണാധികാരികൾ പ്രവിശ്യകളുടെ അധികാരം കയ്യടക്കാൻ ശ്രമിച്ചതോടെ വൂചാങ് പ്രവിശ്യയിൽ പ്രക്ഷോഭം ആരംഭിച്ചു. ഇത് മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിച്ചതോടെ 1911-ലെ ചൈനീസ് വിപ്ലവം ആരംഭിച്ചു.

ചൈനയുടെ സൈനിക തലവനായിരുന്ന യുവാൻ ഷിക്കായി സൺയാത് സെന്നിന്റെ ഭരണകൂടത്തെ അംഗീകരിച്ചില്ല. ചൈന വടക്കും തെക്കും റിപ്പബ്ലിക്കുകളായി. ദേശീയ ഐക്യം നിലനിർത്താനായി സൺയാത് സെൻ തെക്കൻ ചൈനാ റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് സ്ഥാനം രാജിവച്ചു. ഷിക്കായി 1912-ൽ പ്രസിഡന്റായി. ചൈന ഒന്നായിത്തീർന്നതിനെ ത്തുടർന്ന് യുവാൻ ഷിക്കായി ഒരു സേച്ഛാധിപതിയായി മാറി. 1913-ൽ സൺ യാത് സെൻ ജപ്പാനിൽ രാഷ്ട്രീയ അഭയം തേടി.

യുവാൻ ഷിക്കായിയുടെ മരണശേഷം 1917-ൽ സെൻ ചൈനയിൽ തിരിച്ചെത്തി. 1921-ൽ ജനാധിപത്യവാദികൾ സൺയാത് സെന്നിനെ പ്രസിഡന്റായി പ്രഖ്യാപിച്ചുകൊണ്ട് തെക്കൻ ചൈന റിപ്പബ്ലിക്ക് സ്ഥാപിച്ചു. ചൈനയെ സോഷ്യലിസത്തിന്റെ പാതയിലേക്ക് നയിച്ച സൺയാത് സെൻ 1925, മാർച്ച് 12ന് മരിച്ചു. തുടർന്ന് ചിയാംഗ് കൈഷക്ക് സെന്നിന്റെ പിൻഗാമിയായി.

## കാർഷിക വിപ്ലവം

കാർഷിക വിപ്ലവം ആരംഭിക്കുന്നതും ഇംഗ്ലണ്ടിലാണ്. കൃഷിയായിരുന്നു ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ പ്രയോഗം മാറ്റിമറിച്ച ആദ്യത്തെ ഉൽപ്പാദന രംഗം.

1700 വരെ ഇംഗ്ലണ്ടിൽ നിലനിന്നിരുന്ന 'തുറന്ന വയൽവ്യവസ്ഥ' (Open field system) പ്രകാരം കൃഷിക്കാരൻ കൃഷിയിടത്തിന്റെ വലിയൊരു ഭാഗം തരിശിടുകയായിരുന്നു പതിവ്. ടർണിപ്പ് പോലുള്ള കിഴങ്ങുവർഗങ്ങൾ കൃഷി ചെയ്യുന്നത് മണ്ണിന്റെ പുഷ്ടി വർദ്ധിപ്പിക്കുമെന്ന് കണ്ടുപിടിച്ച ടൗൺഷെൻഡ് പ്രഭു 'ചതുർ വർഷ കൃഷിപദ്ധതി' (Four year rotation of crops) നിർദ്ദേശിച്ചു.

കൂടാതെ, ശാസ്ത്രീയ രീതിയിൽ ഉഴുകയും വിതയ്ക്കുകയും ചെയ്താൽ നിലത്തിൽ നിന്നും കൂടുതൽ ധാന്യം വിളയിക്കാമെന്നും കണ്ടുപിടിച്ചു. 1701-ൽ ജീത്രോ ടൾ 'ഡ്രിൽ' യന്ത്രം കണ്ടുപിടിച്ചു.

കാർഷിക വിപ്ലവം ഭൂവുടമാ വ്യവസ്ഥയിലും കാർഷിക പ്രവർത്തനങ്ങളിലും അടിസ്ഥാനപരമായ വ്യതിയാനങ്ങൾ വരുത്തി.

ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ഇംഗ്ലീഷുകാരുടെ കാർഷിക പരിഷ്കാരങ്ങൾ അവരുടെ രാജ്യത്തും നടപ്പാക്കി. കൃഷി ഒരു പ്രായോഗിക ശാസ്ത്രമായി വികാസം പ്രാപിച്ചു.

എൻജിനീയറിംഗ്, രസതന്ത്രം തുടങ്ങിയ ശാസ്ത്ര ശാഖകൾ കാർഷിക രംഗത്ത് സ്വാധീനം ചെലുത്താൻ തുടങ്ങി. ജർമ്മൻ രസതന്ത്രജ്ഞൻ പ്രൊ.ജസ്റ്റസ് വോൺ ലെയ്സിങ് രാസവളങ്ങളുടെ ഉത്പാദനം നടത്തിയതും കാർഷിക വിപ്ലവത്തിന്റെ ഒരു ഫലമായിരുന്നു. കാർഷിക വൃത്തി വലിയ മുതൽമുടക്കുള്ള ഒരു പ്രസ്ഥാനമായി മാറി. ചെറുകിട, ഇടത്തരം കൃഷിയിടങ്ങൾ ഇല്ലാതായി. കൃഷി ആദായകരമായി തീർന്നു.

### ബോക്സർ കലാപം

ചൈനയിൽ വൈദേശികാധിപത്യം ജനങ്ങളിൽ വൻപ്രതിഷേധത്തിനിടയാക്കി. ചൈനയിലെ ചെറുപ്പക്കാർ ചൈനീസ് മുഷ്ടിയുദ്ധം പരിശീലിക്കുകയും, ബോക്സർ എന്ന ദേശീയ വാദികൾ 'യിഹെതുവാൻ എന്' സംഘടനക്ക് രൂപം നൽകുകയും ചെയ്തു. വിദേശാധിപത്യം അവസാനിപ്പിക്കാനും മഞ്ചുവംശത്തെ രക്ഷിക്കാനും അവർ മുഷ്ടിയുദ്ധങ്ങൾ നടത്തി. ചൈനീസ് രാജവിധവ സി.ചി. റാണിയുടെ പിൻതുണയോടുകൂടി അവർ നടത്തിയ വിപ്ളവമാണ് ബോക്സർ വിപ്ലവം.

## കമ്മ്യൂണിസ്റ്റ് വിപ്ലവം (1949)

ചിയാംഗ് കൈഷക്ക് ഒരു കമ്മ്യൂണിസ്റ്റ് വിരോധി ആയിരുന്നു. 1930-നും 1934നുമിടയ്ക്ക് കമ്മ്യൂണിസ്റ്റുകൾ ചൈനയുടെ വടക്കൻ പ്രവിശ്യകളിലെ നിർണായക ശക്തിയായി വളർന്നു.

കമ്മ്യൂണിസ്റ്റ് സംഘടനയായ **'ചെമ്പട'** (Red Army) വടക്കൻ പ്രവിശ്യകളുടെ ഭരണം കൈവശപ്പെടുത്തി. ഇത് ആഭ്യന്തര സമരത്തിന് വഴിതെളിച്ചു. എന്നാൽ ജപ്പാൻ നടത്തിയ ആക്രമണങ്ങൾ ചൈനാക്കാരിൽ ഐക്യബോധം ഉണ്ടാക്കി.

1946-ൽ ചൈനയിൽ വീണ്ടും ആഭ്യന്തര കലഹം ആരംഭിച്ചു. 1949-ഓടെ ചൈനീസ് വൻകര മുഴുവൻ കമ്മ്യൂണിസ്റ്റുകളുടെ നിയന്ത്രണത്തിലായി. ചിയാംഗ് കൈഷക്ക് ഫോർമോസാ ദ്വീപിലേക്ക് രക്ഷപ്പെട്ടു. മാവോ സേ തുംഗായിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവ്.

1949-ൽ മാവോ തൊഴിലാളി സർവാധിപത്യത്തിൽ അധിഷ്ഠിതമായ **'ജനകീയ ചൈന'** സ്ഥാപിച്ചു. തുടർന്ന് 1950-ൽ ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്ക് സ്ഥാപിക്കപ്പെട്ടു. മാവോ സേ തുങ്ങായിരുന്നു ഇതിന്റെ ആദ്യത്തെ പ്രസിഡന്റ്.

## സൺയാത് സെൻ



**(1866-1925)**. ചൈനയിലെ വിപ്ലവ പ്രസ്ഥാനങ്ങളുടെ 'ആത്മീയ ആചാര്യനായി' കരുതപ്പെടുന്ന സൺയാത് സെൻ 1866-ൽ ജനിച്ചു. ചൈനയിലെ ആദ്യത്തെ വിപ്ലവകാരിയായിരുന്നു സൺയാത്സൻ. 1911-ലെ വിപ്ലവം തുടങ്ങുമ്പോൾ സെൻ അമേരിക്കയിലായിരുന്നു. വിപ്ലവത്തിനുമുമ്പു തന്നെ സെൻ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. ചൈനയെ നവീകരിക്കാൻ മുന്നിട്ടിറങ്ങിയ അദ്ദേഹം 1891-ൽ **'കുമിംഗ് താങ്'** കക്ഷിക്ക് രൂപം നൽകി. കുമിംഗ്താങ് എന്നതിന്റെ അർത്ഥം 'ജനങ്ങളുടെ ദേശീയ പാർട്ടി' (People's National Party) എന്നാണ്.

പാർട്ടിയുടെ ലക്ഷ്യങ്ങൾ **'സാൻ, മിൻ, ചു'** അഥവാ, ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നിവയായിരുന്നു. 1895-ൽ പാർട്ടി പ്രവർത്തനത്തിന്റെ പേരിൽ മഞ്ചു രാജവംശം സെന്നിനെ നാടുകടത്തി. 1911-ലെ വിപ്ലവത്തിന്റെ ചുക്കാൻ പിടിച്ചത് കുമിംഗ് താങ് കക്ഷി ആയിരുന്നു. വിപ്ലവത്തിന്റെ അവസാനഘട്ടത്തിൽ മാത്രമാണ് സൺ യാത് സെൻ ചൈനയിലെത്തിയത്.

1894-ലാണ് സെൻ മഞ്ചുവിരുദ്ധ ശക്തികളെ ഒരുമിപ്പിക്കാനായി 'സേവ് ചൈനാ ലീഗ്' (Save China League) സ്ഥാപിച്ചത്. ഇതിന്റെ പേരിലാണ് അദ്ദേഹത്തിന് ചൈന വിടേണ്ടി വന്നത്. ചൈനാക്കാരെ ദേശീയതയുടെയും ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ബാലപാഠങ്ങൾ പഠിപ്പിച്ചത് സെൻ ആയിരുന്നു. ചൈനയിലെ 1911-ലെ ജനകീയ സമരം തെക്കൻ ചൈനയിൽ വ്യാപകമായിരുന്നു. വിപ്ലവം മഞ്ചുരാജവംശത്തെ നിഷ്കാസനം ചെയ്ത് ജനാധിപത്യം സ്ഥാപിച്ചു. സൺയാത് സെന്നിന്റെ കീഴിൽ കാന്റൺ കേന്ദ്രമാക്കി തെക്കൻ ചൈനയിൽ 1912- ജനുവരി ഒന്നിന് റിപ്പബ്ലിക്കൻ ഭരണകൂടം നിലവിൽ വന്നു.

## മാവോ സെതുംഗ്



'വിപ്ലവം തോക്കിൻ കുഴലിലൂടെ' എന്ന പ്രസ്താവന മാവോസെതുംഗിന്റേതാണ്. ഇദ്ദേഹം നയിച്ച മാർച്ച് അറിയപ്പെടുന്നത് 'ലോങ് മാർച്ച്' എന്നാണ്. 1921 മെയ് 4ന് ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടു. 1949-ൽ ചിയാങ് കൈഷെക്കിനെ തോൽപ്പിച്ച് കമ്മ്യൂണിസ്റ്റുകൾ ഭരണത്തിൽ വന്നു. 1949 ഒക്ടോബർ 1 നാണ് പീപ്പിൾസ് റിപ്പബ്ളിക് ഓഫ് ചൈന രൂപീകൃതമായത്. അതിന്റെ ആദ്യ പ്രസിഡന്റായത് മാവോ സെതുംഗ് ആണ്. 1976 -ൽ അദ്ദേഹം അന്തരിച്ചു.

കമ്മ്യൂണിസത്തിന് പുതിയ പ്രായോഗിക നിർവചനങ്ങൾ നൽകി അത് ചൈനീസ് സാഹചര്യങ്ങൾക്ക് അനിവാര്യമാക്കി തീർത്ത മാവോയുടെ കമ്മ്യൂണിസ്റ്റ് ചിന്തകൾ **'മാവോയിസം'** എന്നാണ് അറിയപ്പെടുന്നത്. ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ചൈനയ്ക്ക് നിർണായകമായ ഒരു സ്ഥാനം നേടിക്കൊടുക്കുന്നതിൽ മാവോ പ്രധാന പങ്കുവഹിച്ചു.

## ലെനിനും ഒക്ടോബർ വിപ്ലവവും

1917 മാർച്ചിൽ വിപ്ലവം നടക്കുമ്പോൾ ലെനിൻ സൂറിച്ചിലായിരുന്നു. ഏപ്രിലിൽ അദ്ദേഹം പെട്രോഗ്രേഡിലെത്തി. **'അധികാരം തൊഴിലാളി കൗൺസിലുകൾക്ക് –** (സോവിയറ്റുകൾക്ക്) **ഭൂമി കൃഷിക്കാർക്ക്, ഭക്ഷണം പട്ടിണി കിടക്കുന്നവർക്ക്, സമാധാനം എല്ലാവർക്കും'** എന്ന ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ലെനിൻ വിശ്രമമില്ലാതെ യത്നിച്ചു.

ട്രോട്സ്കിയുടെ സഹായത്തോടെ എല്ലാ സോവിയറ്റുകളുടെയും നിയന്ത്രണം ഏറ്റെടുത്തു. പിന്നീട് ഒരു തൊഴിലാളി വിപ്ലവത്തിന് അനുകൂലമായ സമയമായെന്ന് സ്വയം ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹം രഹസ്യമായി ഒരു 'ചുവപ്പു കാവൽ സേന' (Red Guard) ഉണ്ടാക്കി. ബോൾഷെവിക്ക് സംഘങ്ങൾ പെട്രോഗ്രേഡിലെ പ്രധാന സ്ഥാപനങ്ങളോരോന്നായി പിടിച്ചെടുത്തു. തലസ്ഥാന നഗരം ബോൾഷെവിക്കുകളുടെ പൂർണ നിയന്ത്രണത്തിലായി. 1917 ഒക്ടോബർ 25 (ഗ്രിഗോറിയൻ കലണ്ടർ പ്രകാരം നവംബർ 7)-ന് നടന്നതിനാൽ ഓക്ടോബർ വിപ്ലവം എന്ന് പേർ.



1918 ജൂലൈ മാസത്തിൽ ഒരു ദേശീയ സോവിയറ്റ് കോൺഗ്രസ് റഷ്യക്ക് ഒരു പുതിയ ഭരണഘടന അംഗീകരിച്ചു. പ്രതിവിപ്ലവകാരികളുടെ 'വെള്ളപ്പട' റഷ്യയിൽ പലയിടത്തും പ്രവർത്തിച്ചെങ്കിലും വിപ്ലവകാരികളുടെ ധീരതയും ട്രോട്സ്കിയുടെ സംഘടനാ വൈഭവവും നിമിത്തം 'വെള്ളപ്പട' കീഴടങ്ങി.

1924-ൽ ലെനിൻ അന്തരിച്ചു. ജോസഫ് സ്റ്റാലിൻ പിൻഗാമിയായി. റഷ്യൻ വിപ്ലവത്തെ തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റ് അനുകൂല ഗവൺമെന്റുകൾ അധികാരത്തിൽ വരുകയുണ്ടായി.

## റഷ്യൻ വിപ്ലവം (1917)

സോവിയറ്റ് യൂണിയന്റെ ഉദയത്തിന് വഴി തെളിച്ചത് റഷ്യൻ വിപ്ലവമാണ്. റഷ്യയിലെ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണവും, സാമൂഹികവും സാമ്പത്തികവുമായി അടിച്ചമർത്തപ്പെട്ട കർഷകരുടെ കടുത്ത അതൃപ്തിയും, മുതലാളിമാരുടെ ചൂഷണത്തിലുള്ള തൊഴിലാളികളുടെ അസ്വസ്ഥതയും വിപ്ലവത്തിന്റെ കാരണങ്ങളാണ്.

സ്റ്റേറ്റിന്റെയും മതസഭയുടെയും തലവനായിരുന്ന സാറിന്റെ ഭരണം ഒരു തികഞ്ഞ ഏകാധിപത്യമായിരുന്നു. ഇതിനുപുറമേ സാർ ഭരണം, ക്രൂരതയുടെയും മർദ്ദനങ്ങളുടെയും വിളനിലമായി മാറിയിരുന്നു.

കർഷകർ സാമൂഹികവും സാമ്പത്തികവുമായി അടിച്ചമർത്തപ്പെട്ടു. നികുതികളും ഭാരിച്ചതായിരുന്നു. കാർഷിക രംഗത്തെ ദയനീയാവസ്ഥ വിപ്ലവത്തിന് മുമ്പുള്ള റഷ്യയുടെ മുഖമുദ്രയായിരുന്നു.

പട്ടണങ്ങളിലെ തൊഴിലാളി വർഗത്തെ മുതലാളിമാർ കുറഞ്ഞ വേതനത്തിന് പണിയെടുപ്പിച്ചിരുന്നു. തൊഴിലാളികൾ ട്രേഡ് യൂണിയനുകളുടെ കീഴിൽ സംഘടിക്കാൻ തുടങ്ങിയപ്പോൾ ഗവൺമെന്റ് തൊഴിലാളി സംഘടനകളെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു.

റഷ്യൻ സാഹിത്യത്തിൽ ലിയോ ടോൾസ്റ്റോയ്, തുർഗനെവ്, മാക്സിം ഗോർക്കി എന്നിവർ പ്രതിനിധീകരിച്ച റിയലിസ്റ്റ് പ്രസ്ഥാനം റഷ്യയിലെ കർഷകരുടെ നിരാശാജനകമായ സ്ഥിതി ഹൃദയസ്പർശിയായി ചിത്രീകരിച്ചു. എന്നാൽ ഇവ രെല്ലാം അനുകൂല പരിത: സ്ഥിതി മാത്രമേ സൃഷ്ടിച്ചുള്ളു.

ആശയങ്ങളുടെ തലത്തിൽ വിപ്ലവം സൃഷ്ടിച്ചതും അതിന് മാർഗദർശനം നൽകിയതും കാറൽ മാക്സിന്റെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളാണ്. മാർക്സിന്റെ വർഗസമര സിദ്ധാന്തത്തിന് ഒരു തെളിവെന്ന വണ്ണമായിരുന്നു റഷ്യയിലെ കടുത്ത വർഗ വ്യത്യാസം. റഷ്യൻ വിപ്ലവത്തെ സംബന്ധിച്ചിടത്തോളം സവിശേഷ പ്രാധാന്യമുള്ളതായിരുന്നു മാർക്സിന്റെ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'.

റഷ്യയിൽ പരിഷ്കരണത്തിനുവേണ്ടി പ്രക്ഷോഭണം നടത്തിയിരുന്ന പാർട്ടികളിൽ വച്ചേറ്റവും പ്രധാനപ്പെട്ടത് 'സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടി'യായിരുന്നു. ഈ പാർട്ടി മാർക്സിസ്റ്റ് പ്രത്യയ ശാസ്ത്രത്തിലധിഷ്ഠിതവും സോഷ്യലിസ്റ്റ് പരിപാടിയുള്ളതുമായിരുന്നു. എന്നാൽ ഈ പാർട്ടി രണ്ടായി പിരിയാൻ ഇടയായി.

ഇതിൽ വലതുപക്ഷത്തെ **'മെൻഷെവിക്കുകൾ'** അഥവാ 'ന്യൂനപക്ഷക്കാർ' എന്നും ഇടതുപക്ഷത്തെ **'ബോൾഷെവിക്കുകൾ'** അഥവാ 'ഭൂരിപക്ഷക്കാർ' എന്നും വിളിച്ചുപോന്നു. റഷ്യൻ വിപ്ലവത്തിന്റെ സൂത്രധാരകർ ബോൾഷെവിക്കുകൾ ആയിരുന്നു.

1917-ലെ റഷ്യൻ വിപ്ലവം രണ്ടുഘട്ടത്തിലായാണ് ഉണ്ടായത്. സാർ ഭരണത്തെ മറിച്ചിട്ട് കെറൻസ്കിയുടെ കീഴിൽ സ്ഥാപിതമായ ലിബറൽ ഗവൺമെന്റ് – **മാർച്ച് വിപ്ലവം** – അതിന്റെ ആദ്യഘട്ടത്തെ കുറിക്കുന്നു. എന്നാൽ ശരിയായ വിപ്ലവം ഉണ്ടായത് കെറൻസ്കി ഭരണത്തെ മറിച്ചിട്ട് ലെനിന്റെ കീഴിൽ തൊഴിലാളികളുടെ ഒരു ഗവൺമെന്റ് രൂപീകൃതമായപ്പോഴാണ്. ഈ രണ്ടാം ഘട്ടമാണ് ചരിത്രപ്രസിദ്ധമായ **ഒക്ടോബർ വിപ്ലവം.**

### മാർച്ച് വിപ്ലവം

1917 മാർച്ച് എട്ടിന് പെട്രോഗ്രേഡിൽ 90,000 തൊഴിലാളികൾ പങ്കെടുത്ത ഒരു പണിമുടക്കുണ്ടായി. പണിമുടക്കിന്റെ മൂന്നാം ദിവസം 2,40,000 തൊഴിലാളികൾ പെട്രോഗ്രേഡിലെ തെരുവീഥികളിൽ പ്രകടനം നടത്തി. പ്രകടനത്തെ പിരിച്ചുവിടാൻ നിയമിതരായ പട്ടാളക്കാരും തൊഴിലാളികളുടെ ഭാഗത്ത് ചേർന്നതോടെ സാർ നിക്കോളസ് II സ്ഥാനത്യാഗം ചെയ്തു. വിപ്ലവകാരികൾ അലക്സാണ്ടർ കെറൻസ്കിയുടെ കീഴിൽ ഒരു താൽക്കാലിക ഗവൺമെന്റ് സ്ഥാപിച്ചു. ഈ സമയത്ത് ഒന്നാംലോക മഹായുദ്ധത്തിൽ ഏർപ്പെട്ടിരുന്ന റഷ്യയുടെ യുദ്ധമുന്നണിയിലെ അവസ്ഥ ദയനീയമായിരുന്നു. വിപ്ലവത്തിന്റെ നേട്ടങ്ങൾ നഷ്ടപ്പെടുത്താതെ സ്ഥിരത കൈവരുത്തേണ്ട ഘട്ടത്തിലാണ് ലെനിന്റെ രംഗപ്രവേശം.

## ഒന്നാംലോക മഹായുദ്ധം

ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രധാന എതിരാളികൾ ത്രികക്ഷി സൗഹാർദ്ദവും (ഫ്രാൻസ്, ബ്രിട്ടൺ, റഷ്യ) ത്രികക്ഷി സഖ്യവും (ആസ്ട്രിയ, ജർമ്മനി, ഇറ്റലി) ആയിരുന്നു.

1914 ആഗസ്റ്റ് മുതൽ 1918 നവംബർ വരെ നീണ്ടുനിന്ന ഒന്നാം ലോകമഹായുദ്ധത്തിൽ 6 മില്യണിലധികം സൈനികർ പങ്കെടുക്കുകയും അതിൽ 8.5 മില്യൺ സൈനികർ കൊല്ലപ്പെടുകയും 21 മില്യണിലധികം പേർ മുറിവേൽക്കപ്പെടുകയും ചെയ്തു.

രണ്ടു യൂറോപ്യൻ സഖ്യങ്ങൾ (1907-ൽ ഫ്രാൻസ്, ബ്രിട്ടൺ, റഷ്യ എന്നിവചേർന്ന് രൂപീകരിച്ച 'ത്രികക്ഷി സഖ്യം', 1892-ൽ ആസ്ത്രിയ, ഹംഗറി, ജർമനി, ഇറ്റലി എന്നിവ ചേർന്ന 'ത്രികക്ഷി സൗഹാർദ്ദം' തമ്മിൽ ആരംഭിച്ച ഈ യുദ്ധത്തിൽ ലോകത്തിലെ മിക്ക രാഷ്ട്രങ്ങളും പങ്കെടുക്കുകയുണ്ടായി.

ആസ്ട്രിയൻ കിരീടാവകാശിയായ ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനന്റിനെയും പത്നിയേയും 1914 ജൂൺ 28ന് ബോസ്നിയൻ തലസ്ഥാനമായ സരാജെവോയിൽ വച്ച് ഒരു സെർബിയൻ ദേശീയവാദി വെടിവച്ചു കൊന്നതാണ് ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്.

സെർബിയയ്ക്കെതിരെ ആസ്ട്രിയ യുദ്ധം പ്രഖ്യാപിച്ചതോടെ സെർബിയയെ സഹായിക്കാൻ റഷ്യ തീരുമാനിച്ചു. ജർമ്മനി ആസ്ത്രിയൻ സഹായത്തിനെത്തുകയും റഷ്യക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ഇതേസമയം ജർമ്മനിക്കെതിരെ ഇംഗ്ലണ്ട് രംഗത്തെത്തി. തുടക്കത്തിൽ ഇറ്റലി നിഷ്പക്ഷത പാലിച്ചു. യുദ്ധം അവസാനിക്കാറായപ്പോഴേക്കും അമേരിക്ക ഉൾപ്പെടെ മുപ്പതിലേറെ രാജ്യങ്ങൾ മഹായുദ്ധത്തിന്റെ ഭാഗമായി മാറി. 1917-ലെ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് റഷ്യ യുദ്ധത്തിൽനിന്ന് പിന്മാറി.

ചരിത്രത്തിലാദ്യമായി ആകാശയുദ്ധം ആരംഭിച്ചതും വിഷവാതകം മനുഷ്യനെതിരെ ഉപയോഗിക്കപ്പെട്ടതും ഒന്നാം ലോകമഹായുദ്ധത്തിലാണ്.

ജർമ്മൻ സഖ്യത്തിൽ ആസ്ട്രിയ, തുർക്കി, ബൾഗേറിയ എന്നിവയും ബ്രിട്ടീഷ് സഖ്യത്തിൽ സെർബിയ, റഷ്യ, ജപ്പാൻ, ചൈന, ഫ്രാൻസ്, അമേരിക്ക എന്നിവയും ഉൾപ്പെട്ടു.

ജർമ്മനിയും സഖ്യകക്ഷികളും 1918, നവംബർ 11-ന് കീഴടങ്ങി. ജർമ്മനിയിലെ രാജാവ് കൈസർ വില്യം രണ്ടാമൻ ഹോളണ്ടിൽ രാഷ്ട്രീയാഭയം തേടി.

വേഴ്സായി ഉടമ്പടിപ്രകാരം (1919) യുദ്ധം അവസാനിച്ചു. ഉടമ്പടി പ്രകാരം പൂർണ്ണമായി നിരായുധീകരിക്കപ്പെട്ട ജർമ്മനി ഒരു കനത്ത തുക നഷ്ടപരിഹാരമായും നൽകേണ്ടി വന്നു.

## യുദ്ധത്തിന്റെ ഫലങ്ങൾ

ഒന്നാം ലോകമഹായുദ്ധത്തിൽ ആകെ 9 മില്ല്യൺ സൈനികർ മരിച്ചു. ഏകദേശം 20 മില്ല്യൺ പേർക്ക് പരിക്കേറ്റു. ലക്ഷക്കണക്കിന് സിവിലിയൻമാർ നാശമടഞ്ഞു. ചരിത്രത്തിലാദ്യമായി ആകാശം അടർക്കളമായതും, വിഷവാതകം മനുഷ്യനെതിരെ ഉപയോഗിക്കപ്പെട്ടതും ഈ യുദ്ധത്തിലാണ്. വിഷവാതകം ജർമ്മൻകാരാണ് ആദ്യമായി ഉപയോഗിച്ചത്. ടാങ്ക് എന്ന ആധുനിക യുദ്ധതന്ത്രം ബ്രിട്ടീഷുകാർ ആദ്യമായി രംഗത്തിറക്കി. ഉഗ്ര വിസ്ഫോടനശക്തിയുള്ള ഷെല്ലുകൾ ഗ്രാമങ്ങളെയും പട്ടണങ്ങളെയും നാശക്കൂമ്പാരമാക്കി. ഷെൽവർഷത്തിൽനിന്ന് രക്ഷനേടാൻ കണ്ടുപിടിക്കപ്പെട്ട **ട്രെഞ്ച് യുദ്ധം** ഈ യുദ്ധത്തിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു. ലോകത്തിന്റെ സാമ്പത്തികവ്യവസ്ഥയെ യുദ്ധം നശിപ്പിച്ചു. തുർക്കി, ആസ്ത്രിയ, ഹംഗറി, ജർമ്മനി, റഷ്യ എന്നീ നാല് സാമ്രാജ്യങ്ങളെ യുദ്ധം തകർത്തു. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായാണ് സർവരാജ്യസഖ്യം (League of Nations) നിലവിൽ വന്നത്. പരാജിത രാജ്യങ്ങളെ നാണം കെടുത്തുന്ന രീതിയിലുള്ളതായിരുന്നു വേഴ്സായ് ഉടമ്പടി. അങ്ങനെ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഉടലെടുത്ത വേഴ്സായ് സമാധാനക്കരാറിനുള്ളിൽതന്നെ ഒരു ഭാവിയുദ്ധത്തിനുള്ള ബീജങ്ങൾ ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു.

## മുസ്സോളിനിയും ഇറ്റാലിയൻ ഫാസിസവും



ഒന്നാം ലോകമഹായുദ്ധം ഇറ്റാലിയൻ സമ്പദ്വ്യവ
സ്ഥയെ തകർത്ത അവസ്ഥയിലാണ് മുസ്സോളിനിയും,
അദ്ദേഹം സൃഷ്ടിച്ച ഫാസിസ്റ്റ് പാർട്ടിയും രംഗത്ത് വരു
ന്നത്.
സോഷ്യലിസത്തിൽനിന്നും ഫാസിസത്തിലേക്കുള്ള
ചുവടുമാറ്റം മുസ്സോളിനിയിൽ ദൃശ്യമായത് ഒന്നാം ലോക
മഹായുദ്ധത്തോടെയാണ്. സോഷ്യലിസ്റ്റ് പാർട്ടി
യിൽനിന്നും പുറത്താക്കപ്പെട്ട അദ്ദേഹം 'ഇൽ പൊപ്പോളാ
ദ ഇറ്റാലിയ' എന്നൊരു പത്രം ഇറക്കി. ഇറ്റലി യുദ്ധത്തിൽ
ചേർന്നപ്പോൾ മുസ്സോളിനി സൈന്യത്തിൽ ചേർന്നു.
യുദ്ധത്തിനുശേഷം 1919 മാർച്ച് 28-ാം തീയതി ഫാസിസ്റ്റ്
പാർട്ടി രൂപംകൊണ്ടു. സോഷ്യലിസത്തെയും, കമ്യൂണി
സത്തെയും എതിർത്തിരുന്ന മുസ്സോളിനി അതിനെതിരെ
രൂപീകരിച്ച സംഘടനയാണ് 'ഫാസിയോ ഡി കൊംബാറ്റിമെന്റോ.'
റിവോൾവറും വടിയും ധരിച്ച ഫാസിസ്റ്റ് കരിങ്കുപ്പായക്കാർ നിയമവും, ക്രമസ
മാധാനവും നിയന്ത്രിക്കാൻ തുടങ്ങി. 1922 ഒക്ടോബറിൽ, ഫാസിസ്റ്റുകൾ പടനീക്കം
പോലുള്ള അവരുടെ 'റോമിലേക്കുള്ള മാർച്ച്' തുടങ്ങി. ഭയവിഹ്വലനായ വിക്ടർ
ഇമ്മാനുവൽ II രാജാവ് പുതിയൊരു ഗവൺമെന്റ് രൂപീകരിക്കാൻ മുസ്സോളിനിയെ
ക്ഷണിച്ചു.
പ്രധാനമന്ത്രിയായ മുസ്സോളിനി പാർലമെന്റിനെ തന്റെ ഇംഗിതത്തിനനുസൃത
മായി ഉപയോഗിച്ചു. അദ്ദേഹം 'ഡ്യൂച്ചെ' അഥവാ 'ലീഡർ' എന്ന് വിളിക്കപ്പെട്ടു.
ദണ്ഡുകളും അവയ്ക്ക് വിലങ്ങനെ വച്ച മഴുവും ആയിരുന്നു ഫാസിസ്റ്റ്
പാർട്ടിയുടെ ചിഹ്നം. 'ഇറ്റലിക്കുവേണ്ടി' എന്നതായിരുന്നു ഫാസിസ്റ്റ് പാർട്ടിയുടെ
മുദ്രാവാക്യം. 'രാഷ്ട്രത്തിന് എതിരായോ അതീതമായോ ഒന്നുമില്ല, എല്ലാം
രാഷ്ട്രത്തിനുവേണ്ടി' - എന്നതായിരുന്നു ഫാസിസ്റ്റ് ആദർശം. ജനാധിപത്യത്തിന്റെ
അടിസ്ഥാന സിദ്ധാന്തമായ വ്യക്തിവാദത്തെയും ആദർശമായ വ്യക്തി സ്വാതന്ത്ര്യ
ത്തേയും ഫാസിസം നിരാകരിച്ചു. പത്രങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടു
ത്തി. എതിർപാർട്ടികളെ നിരോധിച്ചു. സാർവലൗകിക സമാധാനത്തിന്റെ സാധ്യത
യിലോ പ്രയോജനത്തിലോ ഫാസിസം വിശ്വസിക്കുന്നില്ല.
'കോർപ്പറേറ്റീവ് രാഷ്ട്രം' എന്ന ആശയം ആദ്യമായി നിർദ്ദേശിച്ചത് മുസ്സോളിനി
യുടെ ഫാസിസ്റ്റ് പാർട്ടിയാണ്. ഫാസിസം സ്വകാര്യമുതലുടമയും, മുതലാളിത്തവും
അംഗീകരിച്ചു. കാർഷികരംഗത്ത് ഫാസിസ്റ്റ് ഭരണത്തിൻകീഴിൽ വൻപുരോ
ഗതിയുണ്ടായി. തുറമുഖങ്ങൾ, വ്യവസായം, പൊതുമരാമത്ത് എന്നിവയ്ക്കെല്ലാം
ഇക്കാലത്ത് വൻപുരോഗതിയുണ്ടായി.
ഫാസിസ്റ്റ് വിദ്യാഭ്യാസരീതിയും സവിശേഷ ശ്രദ്ധയാകർഷിച്ചിരുന്നു. 'പാഠപു
സ്തകവും തോക്കും' കൊണ്ടാണ് ഒരു ശരിയായ ഫാസിസ്റ്റ് രൂപപ്പെടേണ്ടത് എന്നാണ്
മുസ്സോളിനി പറഞ്ഞത്. 1929-ലെ ലാറ്ററൻ ഉടമ്പടി പ്രകാരം മുസ്സോളിനിയുടെ ഇറ്റാ
ലിയൻ ഗവൺമെന്റ് മാർപ്പാപ്പയെ വത്തിക്കാനിലെ ഭൗതിക ഭരണാധികാരിയായി
അംഗീകരിച്ചു. ഇറ്റാലിയൻ ഗവൺമെന്റ് സ്കൂളുകളിൽ മതപഠനം നിർബന്ധമാ
ക്കുകയും ചെയ്തു. 1945-ൽ ഇറ്റലി കീഴടങ്ങിയതിനുശേഷം ഇറ്റലിയിലെ ഫാസിസ്റ്റ്
വിരുദ്ധ കക്ഷികളിൽപ്പെട്ടവർ മുസ്സോളിനിയെ കോമോ എന്ന സ്ഥലത്തുവച്ച് പിടി
കൂടുകയും വെടിവച്ചു കൊല്ലുകയും ചെയ്തു.

# ജർമ്മനിയിലെ നാസിസം



1918-ൽ ജർമ്മനി ഒരു റിപ്പബ്ലിക്കായി. ഭൂരിപക്ഷ സോഷ്യലിസ്റ്റുകൾ വീമാറിൽ സമ്മേളിച്ച് ജർമ്മനിക്ക് ഒരു പാർലമെന്ററി റിപ്പബ്ലിക്കൻ ഭരണഘടന തയ്യാറാക്കി. അങ്ങനെ വീമാർ റിപ്പബ്ലിക്ക് പിറവിയെടുത്തു. റിപ്പബ്ലിക്ക് നേരിട്ട ഏറ്റവും വലിയ പ്രശ്നം രാജ്യത്തിന്റെ സാമ്പത്തികതകർച്ചയായിരുന്നു.

1923-ൽ ജർമ്മൻ ചാൻസലറായ ഗുസ്താവ് സ്ട്രെസ്മാന്റെ യുക്തമായ നീക്കങ്ങൾ ജർമ്മനിയെ സാമ്പത്തികമായി രക്ഷിച്ചു. എന്നാൽ ജർമ്മൻ റിപ്പബ്ലിക്ക് 1929-ൽ ആഗോളതലത്തിൽ ഉണ്ടായ സാമ്പത്തികമാന്ദ്യത്തെയും, പ്രശ്നങ്ങ
ളെയും തുടർന്ന് വീണ്ടും തകർച്ച നേരിട്ടുതുടങ്ങി.
അനേകമാളുകൾ തൊഴിൽ രഹിതരായി. റിപ്പബ്ലി
ക്കിൽ വിശ്വാസം കുറഞ്ഞ ജനങ്ങൾ വിപ്ലവത്തെ
പ്പറ്റി ചിന്തിച്ചു തുടങ്ങി.

1919-ൽ ഹിറ്റ്ലറും, അതൃപ്തരായ മറ്റുചിലരും കൂടി ഒരു ജർമ്മൻ തൊഴിലാളി
പാർട്ടി ഉണ്ടാക്കി. ഇതാണ് പിന്നീട് ജർമ്മൻ നാഷണൽ സോഷ്യലിസ്റ്റുപാർട്ടിയായി
(നാസി പാർട്ടി) വളർന്നത്. ഹിറ്റ്ലറുടെ തീപ്പൊരി പ്രസംഗങ്ങളും, സംഘടനാപാട
വവും ജർമ്മൻ പാർലമെന്റ് തിരഞ്ഞെടുപ്പിൽ നാസിപാർട്ടിക്കു ഗണ്യമായ നേട്ടമു
ണ്ടാക്കിക്കൊടുത്തു. 1933-ൽ പ്രസിഡന്റ് ഹിൻഡൻബർഗ് ഹിറ്റ്ലറെ ചാൻസലറായി
നിയമിച്ചു. എന്നാൽ ചാൻസലർ പദം കൊണ്ട് തൃപ്തനാകാത്ത ഹിറ്റ്ലർ റൈക്സ്റ്റാ
ഗിൽ പാസാക്കിയെടുത്ത ഒരുഅധികാരപ്പെടുത്തൽ നിയമത്തിലൂടെ അധികാരങ്ങ
ളെല്ലാം തന്നിൽ കേന്ദ്രീകരിച്ചു. 1934-ൽ പ്രസിഡന്റ് സ്ഥാനവും തന്നിൽ കേന്ദ്രീക
രിച്ചു. 1934-ൽ പ്രസിഡന്റ് അന്തരിച്ചപ്പോൾ ചാൻസലർ സ്ഥാനവും, പ്രസിഡന്റ്
സ്ഥാനവും തന്നിൽ ഏകീകരിച്ച് മൂന്നാം ജർമ്മൻ സാമ്രാജ്യം അഥവാ മൂന്നാം റൈക്
സ്ഥാപിച്ചു.

ഇറ്റലിയിലെ ഫാസിസത്തിന്റെ ജർമ്മൻ പതിപ്പാണ് നാസിസം. ആര്യന്മാരുടെ വർഗ
പരമായ ശ്രേഷ്ഠത എന്ന സിദ്ധാന്തത്തിന്മേലാണ് നാസിസം പടുത്തുയർത്തിയിരി
ക്കുന്നത്. നാസിസത്തിന്റെ ചിഹ്നമായി മാറിയത് ഇന്ത്യൻ സ്വസ്തികയാണ്.
'ബ്രൗൺ ഷർട്ട്സ്' എന്ന പേരിലുള്ള സംഘടന രൂപീകരിച്ചത് ഹിറ്റ്ലർ ആണ്.
ജൂതന്മാരെ കൂട്ടക്കൊല ചെയ്യാനായി നിരവധി കോൺസൻട്രേഷൻ ക്യാമ്പുകളും
ഗ്യാസ് ചേമ്പറുകളും ഹിറ്റ്ലർ തീർത്തു. നേതാവ് എന്നർത്ഥം വരുന്ന 'ഫ്യൂറർ' എന്ന
പേരിലറിയപ്പെടാനാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടത്. ജർമനി ഉണരട്ടെ ജൂതൻ
നശിക്കട്ടെ എന്നായിരുന്നു നാസി മുദ്രാവാക്യം.
മുസ്സോളിനിയുടെ കരിങ്കുപ്പായക്കാരുടെ സ്ഥാനത്ത് ഹിറ്റ്ലർ തവിട്ടുകുപ്പായക്കാ
രായ 'കൊടുങ്കാറ്റുപട' (Storm Troopers) എന്ന ഭീകര സംഘം സൃഷ്ടിച്ചു. ഹിറ്റ്ല
റുടെ രഹസ്യ പോലീസ് ഗസ്റ്റപ്പോ എന്ന പേരിലാണ് അറിയപ്പെടുന്നത്.
നാസികളെപ്പോലെ ഒരു ജനതയുടെ വികാരങ്ങളെ ഇത്രയധികം മഥിച്ച് ചൂഷണം
ചെയ്ത മറ്റൊരു ഗവൺമെന്റ് ഉണ്ടായിട്ടുണ്ടോ എന്നു തന്നെ സംശയമാണ്. ഇതിന്
ഹിറ്റ്ലറുടെ ഉപകരണം ഡോ. ഗീബൽസ് ആയിരുന്നു. അദ്ദേഹമാണ് നാസിസത്തെ
മതഭ്രാന്താക്കിമാറ്റിയത്. രണ്ടാം ലോക മഹായുദ്ധത്തിലെ പരാജയത്തെ തുടർന്ന്
ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. 1945 മെയ് 7ന് ജർമ്മനി നിരുപാധികം കീഴടങ്ങി. അദ്ദേ
ഹത്തിന്റെ ആത്മകഥയാണ് *മെയിൻ കാംഫ്.*

# രണ്ടാംലോക മഹായുദ്ധം



മനുഷ്യചരിത്രത്തിലാദ്യമായി അണുബോംബ് വർഷിച്ചത് 1945 ആഗസ്റ്റ് 6-ന് രാവിലെ 8.15-ന് ജപ്പാനിലെ ഹിരോഷിമയിലാണ്. 71,000 പേരാണ് മൃതിയടഞ്ഞത്. ആഗസ്റ്റ് 9-ന് നാഗസാക്കിയിലുണ്ടായ ബോംബുവർഷത്തിൽ 39,000 പേർ മരണമടഞ്ഞു. *ലിറ്റിൽ ബോയ്, ഫാറ്റ് മാൻ* എന്നിവയായിരുന്നു ഈ അണുബോംബുകൾ. അണുബോംബിന്റെ പ്രഥമ പരീക്ഷണം 1945 ജൂൺ 16-ന് അമേരിക്കയിലെ അലാമാ -1, ഗോർഡോ എന്ന സ്ഥലത്ത് നടന്നു. 'ട്രിനിറ്റി' എന്നായിരുന്നു പ്രഥമ അണുപരീക്ഷണത്തിന്റെ പേര്.

ഒന്നാം ലോക മഹായുദ്ധത്തിൽ നഷ്ടപ്പെട്ട ജർമ്മൻ പ്രദേശങ്ങളെല്ലാം വീണ്ടെടുക്കാൻ ഹിറ്റ്ലർ, വേഴ്സായി ഉടമ്പടിവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 1938-ൽ ആസ്ത്രിയയെ ജർമ്മനിയുമായി കൂട്ടിച്ചേർത്തു. തുടർന്ന് ചെക്കോസ്ലോവാക്യയിലെ സഡെറ്റൻലാൻഡ് ഹിറ്റ്ലർ കീഴടക്കി. 1939-ൽ ചെക്കൊസ്ലോവാക്യമുഴുവൻ പിടിച്ചടക്കി. 1939-ൽ തന്നെ ഹിറ്റ്ലർ മുസ്സോളിനിയുമായി ചേർന്ന് റോം-ബെർലിൻ അച്ചുതണ്ട്-ഉണ്ടാക്കി. ഹിറ്റ്ലർ സോവിയറ്റ് യൂണിയനുമായി ഒരു അനാക്രമണ സന്ധി ഒപ്പിട്ടു. 1939, സെപ്തംബർ 1-ാം തീയതി ജർമ്മനി പോളണ്ട് ആക്രമിച്ചു. സെപ്തംബർ 3-ന് ഫ്രാൻസും ബ്രിട്ടണും ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. സെപ്തംബറിൽ തന്നെ ജർമ്മനിയും ഇറ്റലിയും, ജപ്പാനും ചേർന്ന് ഒരു ത്രിശക്തി സഖ്യത്തിലേർപ്പെട്ടു. ഇവർ അച്ചുതണ്ടുശക്തികൾ (Axis powers) എന്നറിയപ്പെടുന്നു. 1940 ജൂണിൽ ഇറ്റലി ജർമ്മനിയുടെ ഭാഗം ചേർന്ന് യുദ്ധത്തിൽ പ്രവേശിച്ചു.

1941 ജൂണിൽ ഹിറ്റ്ലർ റഷ്യയെ ആക്രമിച്ചു. 1943-ൽ സ്റ്റാലിൻ ഗ്രാഡിൽ നടന്ന യുദ്ധം ലോകചരിത്രത്തിലെ തന്നെ ഏറ്റവും രക്തരൂക്ഷിതമായ യുദ്ധങ്ങളിലൊന്നായിരുന്നു.

അമേരിക്കൻ നാവികസങ്കേതമായ പേൾഹാർബറും ബ്രിട്ടിഷ് യുദ്ധക്കപ്പലായ 'പ്രിൻസ് ഓഫ് വേൽസും' ജപ്പാൻ ബോംബിട്ടു നശിപ്പിച്ചതിനാൽ അമേരിക്കയും, ഇംഗ്ലണ്ടും ജപ്പാനെതിരെയായി യുദ്ധം പ്രഖ്യാപിച്ചു. പേൾ ഹാർബർ ആക്രമിച്ചതിന് (1941 ഡിസം. 7) പിറ്റേന്ന് (ഡിസം. 8) അമേരിക്കൻ യുദ്ധപ്രഖ്യാപനമുണ്ടായി.

1945 ജൂലായ് 26-ന് അമേരിക്ക, ബ്രിട്ടൺ, ചൈന എന്നീരാജ്യങ്ങളുടെ പ്രതിനിധികൾ പോട്ട്സ് ഡാമിൽ സമ്മേളിച്ച് ജപ്പാനോട് നിരുപാധികം കീഴടങ്ങുവാൻ ആവശ്യപ്പെട്ടു. ജപ്പാൻ ഈ അന്ത്യശാസനം നിരസിച്ചതിനെ തുടർന്ന 1945 ആഗസ്റ്റ് 6-ന് ഹിരോഷിമയിലും, 9-ന് നാഗസാക്കിയിലും അമേരിക്ക ആറ്റം ബോംബ് പ്രയോഗിച്ചു. ഗത്യന്തരമില്ലാതെ ജപ്പാൻ സെപ്തംബർ 2-ന് അമേരിക്കയ്ക്ക് കീഴടങ്ങി.

1943 സെപ്തംബറിൽ ഇറ്റലി സഖ്യശക്തികൾക്ക് കീഴടങ്ങി.

1944, ആഗസ്റ്റ് 25-ാം തീയതി സഖ്യശക്തികൾ ഫ്രാൻസിനെ ജർമ്മൻകാരിൽ നിന്ന് മോചിപ്പിച്ചു.

അതേ വർഷം സഖ്യസൈന്യാധിപനായ ജനറൽ ഐസനോവറുടെ നേതൃത്വത്തിൽ ജർമ്മനിക്കെതിരെ വമ്പിച്ച പ്രത്യാക്രമണം തുടങ്ങി. റഷ്യക്കാർ, തങ്ങളുടെ മാതൃഭൂമിയെ നാസികളിൽ നിന്ന് മോചിപ്പിച്ച് ജർമ്മനിയെ ആക്രമിച്ച് ബെർലിനിലേക്ക് മുന്നേറി. 1945 ഏപ്രിലിൽ അവർ വിയന്നയും ഏപ്രിൽ 30 ന് ബെർലിനും പിടിച്ചെടുത്തു.

ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. 1945 മെയ് 7ന് ജർമ്മനി നിരുപാധികം കീഴടങ്ങി.

# ശീതസമരത്തിന്റെ കാലം

രണ്ടാം ലോകമഹായുദ്ധം, പുതിയ രണ്ടുശക്തികളുടെ ഉദയത്തിനു സാക്ഷ്യം വഹിച്ചു. അമേരിക്കൻ ഐക്യനാടുകളും, സോവിയറ്റ് യൂണിയനും. ഈ രണ്ടു വൻശക്തികൾക്കിടയിൽ നിലനിന്നിരുന്ന വൈരത്തെ ശീതസമരം (Cold War) എന്ന് അറിയപ്പെടുന്നു. സോവിയറ്റ് യൂണിയൻ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെ തങ്ങളുടെ കൂടെ നിർത്തുന്നതിൽ വിജയിച്ചു.

ലോകത്തിലെ, വിവിധ മൂന്നാം ലോക രാഷ്ട്രങ്ങളിൽ നടന്നുവന്ന സ്വാതന്ത്ര്യ സമര യത്നങ്ങളെ സ്വാധീനിക്കാൻ ഇരുചേരികളും ശ്രമങ്ങളാരംഭിച്ചു. വിവിധ രാജ്യങ്ങളിൽ നടന്ന സ്വാതന്ത്ര്യസമരങ്ങളെയും ജനമുന്നേറ്റങ്ങളെയും അമേരിക്ക സംശയത്തോടെ വീക്ഷിക്കുകയും, കമ്മ്യൂണിസ്റ്റ് സ്വാധീനം ഉണ്ടെന്നു തോന്നിയ രാജ്യങ്ങളിലെല്ലാം ഗവൺമെന്റുകളെ മറിച്ചിട്ട് സ്വേച്ഛാധിപതികളായ പട്ടാള ഭരണാധികാരികളെ ഭരണം ഏൽപ്പിക്കാൻ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

1943-ൽ പോളണ്ടിനെ കമ്മ്യൂണിസ്റ്റു ഭരണത്തിൽ കൊണ്ടുവന്നതുമുതലാണ് ശീതസമരം എന്ന സാങ്കേതിക പദം നിലവിൽ വന്നത്. ശീതസമരത്തിന്റെ രൂക്ഷത ഏറ്റവും പ്രകടമായത് ഇരുചേരികളിലുമുള്ള രാജ്യങ്ങൾ സൈനിക സഖ്യങ്ങൾ രൂപീകരിക്കുകയും വൻതോതിൽ ആയുധങ്ങൾ നിർമ്മിച്ചു കൂട്ടുകയും ചെയ്ത പ്പോഴാണ്. അമേരിക്കൻ നേതൃത്വത്തിലുള്ള പാശ്ചാത്യ മുതലാളിത്തരാജ്യങ്ങൾ നാറ്റോ (NATO - North Atlantic Treaty Organisation) സൈനികസഖ്യം രൂപീകരിച്ചു. സോവിയറ്റ് നേതൃത്വത്തിലെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ **വാഴ്സാ ഉടമ്പടി സഖ്യം** രൂപീകരിച്ചു. 1991 ഡിസംബറിൽ സോവിയറ്റ്യൂണിയന്റെ തകർച്ചയോടെ ശീതസമരവും അവസാനിച്ചു.

# കൊറിയൻ യുദ്ധം

പുരോഹിത സാമ്രാജ്യം എന്നറിയ പ്പെട്ടിരുന്ന കൊറിയ 1910 ആഗസ്റ്റ് 29 ന് ജപ്പാനോടു കൂട്ടിച്ചേർക്കപ്പെട്ടു.1945-ലെ യുദ്ധപരാജയം ജപ്പാന്റെ പതനത്തിനും കൊറിയയുടെ വിഭജനത്തിനും കാരണമായി. കൊറിയയെ വിഭജിക്കുന്നത് സംബന്ധിച്ചുള്ള റഷ്യയുടെയും അമേരിക്കയുടെയും ഉടമ്പടി പരാജയപ്പെട്ടതിനെ തുടർന്നാണ് 1950-ൽ കൊറിയൻ യുദ്ധം ആരംഭിക്കുന്നത്.

1948-ൽ, ഡമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ളിക് ഓഫ് കൊറിയ (വടക്കൻ കൊറിയ) എന്നും, റിപ്പബ്ളിക് ഓഫ് കൊറിയ (തെക്കൻ കൊറിയ) എന്നുമുള്ള രണ്ടു രാഷ്ട്രങ്ങൾ സ്ഥാപിതമായി. 1950 ൽ വടക്കൻ - തെക്കൻ കൊറിയകൾ യുദ്ധം നടത്തി. 1953-ൽ യുദ്ധ വിരാമസന്ധി ഒപ്പുവച്ചു.

## ഇസ്രായേൽ-അറബ് യുദ്ധം

യുദ്ധങ്ങളുടെ ചരിത്രത്തിലെ വിസ്മയമാണ് 1967-ലെ അറബ്-ഇസ്രായേൽ യുദ്ധം ആറു ദിവസം കൊണ്ട് മൂന്നു രാജ്യങ്ങളെ തോല്പിച്ച് ഇസ്രായേൽ നിർണ്ണായക മേഖലകളിൽ കടന്നു കയറിയ യുദ്ധമാണ്.

നാസർ (ഈജിപ്റ്റ്) അറബിരാജ്യങ്ങളെ നയിച്ചു. ഇസ്രായേൽ പ്രതിരോധ മന്ത്രിയായ 'മോഷെ ദയാൻ' നേതൃത്വം കൊടുത്ത ഈ യുദ്ധത്തിൽ അറബ് സേനയെ ഇസ്രായേൽ മുട്ടുകുത്തിച്ചു.

## വാൾസ്ട്രീറ്റ് ദുരന്തം

1929-ൽ അമേരിക്കൻ സ്റ്റോക്ക് മാർക്കറ്റായ വാൾസ്ട്രീറ്റിനെ ബാധിച്ച വൻ സാമ്പത്തിക ദുരന്തം. ലോകമാസകലം കടുത്ത സാമ്പത്തിക പ്രതിസന്ധി വരുത്തിവയ്ക്കാൻ വാൾസ്ട്രീറ്റ് ദുരന്തമിടയാക്കി. അമേരിക്കയിൽ ലക്ഷക്കണക്കിനാളുകൾക്ക് ജോലി നഷ്ടപ്പെട്ടു. ബാങ്കുകൾ തകർന്നു. ധനകാര്യ സ്ഥാപനങ്ങൾ ഇല്ലാതായി. വാൾ സ്ട്രീറ്റ് ദുരന്തമാണ് രണ്ടാം ലോകമഹായുദ്ധത്തിലേക്ക് വഴിവച്ച അടിസ്ഥാന കാരണങ്ങളിലൊന്ന്.

# അറബ്-ഇസ്രായേൽ സംഘർഷം

ഇസ്രായേലും മധ്യപൂർവ ദേശത്തുള്ള അറബ് രാജ്യങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ആ പ്രദേശത്തെ പതിറ്റാണ്ടുകളായി അസ്വസ്ഥമാക്കുകയാണ്. യഹൂദരാഷ്ട്രമായ ഇസ്രായേലും അതിനുചുറ്റുമുള്ള അറബ് രാഷ്ട്രങ്ങളുമാണ് ഏറ്റുമുട്ടുന്നത്.

1919-ൽ പലസ്തീൻ ബ്രിട്ടീഷ് നിയന്ത്രണത്തിലായതോടെ ജൂത അഭയാർഥികൾ അവിടേക്ക് കുടിയേറി. രണ്ടാംലോക മഹായുദ്ധകാലത്ത് ഹിറ്റ്ലറിൽനിന്ന് രക്ഷപ്പെട്ട് ഓടിയെത്തിയ ജൂതന്മാരും പലസ്തീനിലാണ് എത്തിയത്. പലസ്തീനെ വിഭജിച്ച് ജൂതന്മാർക്കും അറബികൾക്കുമായി നൽകാനുള്ള ശ്രമങ്ങളൊന്നും വിജയിച്ചില്ല.

1947-ൽ അറബികൾക്കും ജൂതന്മാർക്കുമായി പ്രത്യേക മേഖലകൾ വിഭജിക്കാനുള്ള പ്രമേയം ഐക്യരാഷ്ട്ര സഭ പാസാക്കി. അറബികൾ ഈ നീക്കത്തെ എതിർത്തു. ബ്രിട്ടീഷുകാർ സൈന്യത്തെ പലസ്തീനിൽനിന്ന് പിൻവലിക്കുകയും ചെയ്തു. ഇതോടെ മേഖല സംഘർഷഭരിതമായി.

സിയോണിസ്റ്റ് പ്രസ്ഥാനക്കാർ ടെൽ അവീവിൽ സമ്മേളിച്ച് ഇസ്രായേൽ എന്ന രാജ്യം രൂപീകരിച്ചു. ജോർദാൻ, ഈജിപ്ത്, സിറിയ, ലബനൻ, ഇറാഖ് എന്നീ രാജ്യങ്ങൾ ഇസ്രായേലിനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും അറബികളുടെ സൈന്യം പലസ്തീൻ കടക്കുകയും ചെയ്തു.

ഐക്യരാഷ്ട്രസഭയും അമേരിക്കയും സോവിയറ്റ് യൂണിയനും അറബ് രാജ്യങ്ങളുടെ നീക്കത്തെ എതിർത്തു. യുദ്ധത്തിൽ അറബികളുടെ സംയുക്ത സേനയെ ഇസ്രായേൽ പരാജയപ്പെടുത്തി.

1949-ൽ യുദ്ധം അവസാനിച്ചു. ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ച പ്രദേശങ്ങളുടെ അറബികളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പല പ്രദേശങ്ങളും ഇസ്രായേലിന്റെ നിയന്ത്രണത്തിലായി.

# ഗൾഫ് യുദ്ധങ്ങൾ

**ഒന്നാം ഗൾഫ് യുദ്ധം (1991)**

1990 ആഗസ്റ്റ് 2 ന് ഇറാഖി സേന കുവൈറ്റ് കീഴടക്കി. ഇറാൻ - ഇറാക്ക് യുദ്ധകാലത്ത് തങ്ങളുടെ ചില എണ്ണക്കിണറുകൾ കുവൈറ്റ് കൈയ്യടക്കിയെന്ന ന്യായം പറഞ്ഞായിരുന്നു ഇത്. ഇതിനെതിരെ അമേരിക്കയുടെ നേതൃത്വത്തിൽ ഇറാഖിനെതിരെ നടന്ന യുദ്ധമാണ് ഒന്നാം ഗൾഫ് യുദ്ധം.

**രണ്ടാം ഗൾഫ് യുദ്ധം**

വൻ നശീകരണ ശേഷിയുള്ള മാരകായുധങ്ങൾ നശിപ്പിക്കാനുള്ള അന്ത്യശാസനത്തിന് സദ്ദാം ഹുസൈൻ വഴങ്ങിയില്ലെന്ന കാരണത്താൽ അമേരിക്കയും ബ്രിട്ടനും ചേർന്ന സഖ്യം 2003 മാർച്ച് 20 ന് ഇറാഖിനെ ആക്രമിച്ചു. രണ്ടാം ഗൾഫ്യുദ്ധം 'ഓപ്പറേഷൻ ഇറാഖി ഫ്രീഡം' എന്ന് അറിയപ്പെടുന്നു. യുദ്ധാവസാനം അധികാരഭ്രഷ്ടനായി ഒളിവിൽ പോയ സദ്ദാമിനെ അമേരിക്കൻ സേന പിടികൂടി. ദുജൈൻ കൂട്ടക്കൊലക്കേസിൽ 2006 നവംബർ 5 ന് വധശിക്ഷയ്ക്കു വിധിച്ചു. 2006 ഡിസംബർ 30 ന് സദ്ദാംഹുസൈനെ തൂക്കിലേറ്റി.

## ഇറാൻ - ഇറാഖ് യുദ്ധം

ഷാറ്റ് - അൽ- അറബ് ജലമാർഗ്ഗത്തെയും പെട്രോളിയം സമ്പന്നമായ ഗുഡിസ്ഥാൻ പ്രവിശ്യയെയും കുറിച്ചുള്ള തർക്കത്തെത്തുടർന്ന് 1980 സെപ്തംബർ 22 ന് സദ്ദാം ഹുസൈൻ ഇറാനെ ആക്രമിച്ചു.

എട്ടുവർഷം നീണ്ടുനിന്ന യുദ്ധം ഐക്യ രാഷ്ട്രസഭ ഇടപെട്ട് 1988 ജൂലൈ 18 ന് അവസാനിപ്പിച്ചു.

## സി.ഐ.എസ്.

1991-ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം ആ കോൺഫെഡറേഷനിലുണ്ടായിരുന്ന രാജ്യങ്ങളെല്ലാം സ്വാതന്ത്ര്യം നേടി. ഇത്തരത്തിൽ സ്വാത ന്ത്ര്യം നേടിയ 12 രാജ്യങ്ങളുടെ കൂട്ടായ്മയാണ് കോമൺവെൽത്ത് ഓഫ് ഇൻഡിപെൻഡന്റ് സ്റ്റേറ്റ്സ് (സി.ഐ.എസ്). ഇതിൽ ബലാറൂസ് റഷ്യയുമായി ലയിക്കാൻ 1999-ൽ തീരുമാനിച്ചു. ബലാറൂസിലെ മിൻസ്ക് ആണ് സി.ഐ.എസിന്റെ ആസ്ഥാനം.

# ചരിത്രസംഭവങ്ങളിലൂടെ....

**ബിസി**

1,75,000 – 10,000
– പ്രാചീന ശിലായുഗ കാലഘട്ടം.
8,000 – നവീന ശിലായുഗം
5,000 – ഈജിപ്ഷ്യൻ നാഗരിക സംസ്കാരം
2,870 – ഏഷ്യാമൈനറിൽ ട്രോയ് നഗര സംസ്കാരം
2,850 – ചൈനയിൽ നാഗരിക ജീവിതം
2,700 – ഈജിപ്ഷ്യൻ പിരമിഡുകൾ
2,400 – ആര്യന്മാർ കുടിയേറ്റം ആരംഭിച്ചു.
1760 – ചൈനയിൽ ഷാങ്ങ് ഹായ് അധികാരത്തിലേക്ക്
1600 – ഓട് എന്ന ലോഹം ഉപയോഗത്തിൽ
1540 – ഈജിപ്തിൽ നാഗരികതയുടെ ഉന്നതി
1500 – ഈജിപ്തും ബാബിലോണും തമ്മിൽ വ്യാപാരബന്ധം സ്ഥാപിക്കുന്നു.
1400 – ക്രീറ്റൺ നാഗരികതയുടെ അധഃപതനം
1250 – അസ്സീറിയാ ബാബിലോൺ കീഴടക്കുന്നു.
1230 – ഇസ്രയേൽക്കാർ ഈജിപ്തിൽ നിന്ന് പലായനം ചെയ്തു.
1027 – ചൈനയിൽ ചൗ രാജവംശം ഭരണമാരംഭിച്ചു.
1013 – പാലസ്തീനിൽ ഇസ്രായേലികളുടെ ഉയർച്ച.
1000 – ജറുസലേം പട്ടണം തലസ്ഥാനമാക്കി ദാവീദ് ഇസ്രയേൽ രാജാവാകുന്നു.
– ഇന്ത്യയിൽ ഇതിഹാസങ്ങളുടെ കാലഘട്ടം, ഫിനിഷ്യന്മാർ ലിപി ഉപയോഗിച്ചുള്ള എഴുത്തു കണ്ടുപിടിച്ചു.
850 – കാർത്തേജ് നഗരം സ്ഥാപിച്ചു.
776 – ഗ്രീസിൽ ഒന്നാം ഒളിമ്പ്യാഡ്
753 – റോമാനഗരം സ്ഥാപിതമാകുന്നു.
509 – റോമൻ റിപ്പബ്ലിക്ക് സ്ഥാപിതമായി.
508 – ഏതൻസിൽ ജനാധിപത്യ ഭരണഘടന പ്രഖ്യാപിച്ചു.
490 – മാരത്തോൺ യുദ്ധം, ഗ്രീക്കുകാർ പേർഷ്യാക്കാരെ തോല്പിച്ചു.
483 – ശ്രീബുദ്ധന്റെ സമാധി.
479 – ചൈനീസ് തത്വചിന്തകൻ കൺഫ്യൂഷ്യസിന്റെ അന്ത്യം
461 – പെരിക്ലിസ് ഏതൻസിൽ ഭരണാധിപനായി.
431 – ഏതൻസും സ്പാർട്ടയും തമ്മിൽ യുദ്ധം
399 – സോക്രട്ടീസിന് വിഷം കൊടുത്തു കൊല്ലുന്നു.
347 – പ്ലേറ്റോയുടെ അന്ത്യം
336 – മഹാനായ അലക്സാണ്ടർ മാസിഡോണിയയിലെ രാജാവാകുന്നു.
333 – അലക്സാണ്ടർ പേർഷ്യയിലെ ഡാരിയസ്സിനെ തോല്പിച്ചു.
332 – അലക്സാണ്ടർ ഈജിപ്ത് കീഴടക്കി.
331 – അലക്സാണ്ടർ പേർഷ്യയെ തോല്പിച്ചു.
330 – പേർഷ്യൻ സാമ്രാജ്യം അസ്തമിച്ചു.
326 – അലക്സാണ്ടർ പഞ്ചാബ് ആക്രമിച്ചു.
323 – അലക്സാണ്ടർ ബാബിലോണിൽ അന്തരിച്ചു.
321 – അരിസ്റ്റോട്ടിൽ അന്തരിച്ചു.
264–241 റോമും കാർത്തേജും തമ്മിൽ ഒന്നാം പ്യൂണിക് യുദ്ധം
221 – ചൈനീസ് വൻമതിൽ പണി തീർത്തു.
218 – രണ്ടാം പ്യൂണിക് യുദ്ധം
149–146 മൂന്നാം പ്യൂണിക് യുദ്ധം. റോമാക്കാർ കാർത്തേജ് നശിപ്പിച്ചു. ഗ്രീസ് റോമാധിപത്യത്തിലമർന്നു.
60 – പോംപി, ജൂലിയസ് സീസർ, ക്രാസ്സസ്സ് എന്നീ മൂന്നുപേർ ചേർന്ന് റോം ഭരണം.
55 – ജൂലിയസ് സീസർ ബ്രിട്ടനെ ആക്രമിച്ചു.
46 – സീസറിന്റെ കലണ്ടർ പരിഷ്ക്കരണം. ഇതു ജൂലിയൻ കലണ്ടർ എന്നറിയപ്പെട്ടു.
44 – ബ്രൂട്ടസ് സീസറെ വധിച്ചു.
43 – ആന്റണി, ഓക്ടേവിയൻ, ലെപിഡസ് എന്നിവർ റോമിൽ ഭരണമേൽക്കുന്നു.
42 – ഫിലിപ്പി യുദ്ധം. ആന്റണിയും, ഒക്ടേവിയനും ചേർന്ന് ബ്രൂട്ടസിനേയും അനുയായികളേയും തോല്പിക്കുന്നു.
29 – അഗസ്റ്റസ് സീസർ (ഒക്ടേവിയൻ) റോമൻ ചക്രവർത്തി
4 – ബെത്ലഹേമിൽ യേശുക്രിസ്തുവിന്റെ ജനനം

**എ.ഡി.**

29 – യേശുക്രിസ്തുവിന്റെ കുരിശുമരണം
180 – റോമാസാമ്രാജ്യത്തിന്റെ അധഃപതനം
220 – ഹാൻ രാജവംശത്തിന്റെ അന്ത്യം. ചൈനയിൽ ആഭ്യന്തര വിപ്ലവത്തിന്റെ ആരംഭം
570 – മെക്കയിൽ മുഹമ്മദ് നബി ജനിച്ചു.
622 – മെക്കയിൽ നിന്നും മെദീനയിലേക്കു നബിയുടെ പലായനം. ഹിജറാ വർഷാരംഭം
632 – മുഹമ്മദ് നബിയുടെ അന്ത്യം (ജൂലൈ 7)
843 – ഫ്രാൻസും ജർമ്മനിയും രണ്ടു വിഭിന്നരാഷ്ട്രങ്ങളായി.
987 – ഹ്യൂകാപ്പെറ്റ് ഫ്രാൻസിലെ രാജാവാകുന്നു.
1066 – നോർമണ്ടിയൻ ഡ്യൂക്കായ വില്യം, ബ്രിട്ടനെ തോല്പിക്കുന്നു.
1097 – ഒന്നാം കുരിശുയുദ്ധം.
1148 – രണ്ടാം കുരിശുയുദ്ധം.
1189 – മൂന്നാം കുരിശുയുദ്ധം.
1192 – മൂന്നാം കുരിശുയുദ്ധത്തിന്റെ അന്ത്യം.
1202 – നാലാം കുരിശുയുദ്ധം. പൗരസ്ത്യസാമ്രാജ്യത്തെ ആക്രമിച്ചു.
1206 – ചെങ്കിസ്ഖാൻ ഏഷ്യയിൽ ആധിപത്യമുറപ്പിക്കുന്നു.
1215 – സുപ്രസിദ്ധമായ മാഗ്നകാർട്ടാ എന്ന അവകാശപത്രം റണ്ണിമീഡ് മൈതാനത്തുവച്ച് ജോൺ രാജാവ് ഒപ്പുവച്ചു.
1280 – റോജർ ബേക്കൺ വെടിമരുന്ന് കണ്ടുപിടിച്ചു.
1284 – ഇംഗ്ലണ്ടിലെ എഡ്വേർഡ് ഒന്നാമൻ വെയിൽസ് കീഴടക്കി.
1291 – കുരിശുയുദ്ധങ്ങളുടെ അന്ത്യം
1338 – ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ ശതവർഷ യുദ്ധം.
1368 – ചൈനയിൽ മിങ്ങ് വംശം അധികാരത്തിൽ വന്നു.
1381 – ഇംഗ്ലണ്ടിൽ കാർഷിക ലഹള.
1421 – ജോവൻ ഓഫ് ആർക് എന്ന ധീരയായ ഫ്രഞ്ചുവനിത ബ്രിട്ടീഷുകാരെ ഓർലിയൻസിൽ തോൽപ്പിച്ചു.
1453 – തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തു. യൂറോപ്പിൽ നവോത്ഥാനത്തിന്റെ ആരംഭം.
1486 – പോർച്ചുഗീസ് നാവികനായ ബെർത്തലോമിയോ ഡയസ് ഗുഡ്ഹോപ്പ് മുനമ്പ് കണ്ടുപിടിച്ചു.
1492 – കൊളംബസിന്റെ ആദ്യത്തെ വെസ്റ്റ് ഇൻഡീസ് പര്യടനം. സ്പാനിഷ് നാവികനായ കൊളംബസ് അമേരിക്ക കണ്ടുപിടിച്ചു.
1498 – പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ ഗുഡ്ഹോപ്പ് മുനമ്പു വഴി ഇന്ത്യയിലേക്കുള്ള കപ്പൽമാർഗ്ഗം കണ്ടുപിടിച്ചു.
1517 – മാർട്ടിൻ ലൂതർ മതനവീകരണ പ്രസ്ഥാനം ആരംഭിച്ചു.
1564 – വില്യം ഷേക്സ്പിയറിന്റെ ജനനം.
1600 – ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ സ്ഥാപനം.
1616 – ഷേക്സ്പിയറിന്റെ അന്ത്യം.
1649 – ഇംഗ്ലണ്ടിൽ ചാൾസ് ഒന്നാമന്റെ കുറ്റവിചാരണയും വധവും.
1660 – ഇംഗ്ലണ്ടിൽ രാജവാഴ്ചയുടെ പുനഃസ്ഥാപനം
1665 – ഇംഗ്ലണ്ടിലെ പ്ലേഗ്
1666 – ന്യൂട്ടൺ ഗുരുത്വാകർഷണ നിയമം കണ്ടുപിടിച്ചു.

1688 - ഇംഗ്ലണ്ടിലെ രക്തരഹിത വിപ്ലവം.
1721 - റോബർട്ട് വാൾപോൾ ആദ്യത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി.
1752 - ബ്രിട്ടൺ, അമേരിക്ക എന്നീ രാജ്യങ്ങൾ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു.
1773 - ബോസ്റ്റൺ ടീ പാർട്ടി
1776 - അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം
1783 - വേഴ്സായ് സന്ധി. ഇംഗ്ലണ്ട് അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.
1789 - ജോർജ് വാഷിംഗ്ടൺ അമേരിക്കയുടെ ആദ്യത്തെ പ്രസിഡന്റായി. ഫ്രഞ്ചു വിപ്ലവത്തിന്റെ ആരംഭം.
1798 - നൈൽ യുദ്ധം. നെൽസൺ ഫ്രഞ്ച് സൈന്യത്തെ കീഴടക്കി.
1805 - ട്രഫാൾഗർ യുദ്ധം. നെൽസന്റെ മരണം.
1812 - നെപ്പോളിയൻ റഷ്യ പിടിച്ചടക്കി.
1815 - വാട്ടർ ലൂ യുദ്ധം. നെപ്പോളിയൻ പരാജയപ്പെട്ടു. സെന്റ് ഹെലീനാ ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു.
1821 - നെപ്പോളിയൻ സെൻറ് ഹെലീനയിൽ അന്ത്യശ്വാസം വലിച്ചു.
1823 - മൺറോ സിദ്ധാന്തത്തിന്റെ പ്രഖ്യാപനം.
1825 - റഷ്യയിൽ സാർ ചക്രവർത്തി നിക്കോളസ് ഒന്നാമന്റെ ഭരണം.
1833 - ഇംഗ്ലണ്ടിൽ അടിമത്തം അവസാനിപ്പിച്ചു.
1837 - ഇംഗ്ലണ്ടിൽ ഫാക്ടറി നിയമം. ഒന്നാം വിക്ടോറിയാ രാജ്ഞിയുടെ സ്ഥാനാരോഹണം.
1839 - ചൈനയും ബ്രിട്ടനുമായുള്ള കറുപ്പു യുദ്ധം.
1848 - മാർക്സും, ഏംഗൽസും കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധപ്പെടുത്തി.
1859 - ഡാർവിന്റെ പരിണാമസിദ്ധാന്തം പ്രസിദ്ധീകരിച്ചു.
1861 - അമേരിക്കയിൽ ആഭ്യന്തരയുദ്ധം ആരംഭിച്ചു. ഏബ്രഹാം ലിങ്കൺ അമേരിക്കയുടെ 16-ാമത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.
1862 - ബിസ്മാർക്ക് പ്രഷ്യൻ (ജർമ്മൻ) പ്രധാനമന്ത്രി.
1863 - ലിങ്കൺ അമേരിക്കയിൽ അടിമത്തം നിരോധിച്ചു.
1869 - സൂയസ് കനാൽ ഉദ്ഘാടനം.
1895 - എക്സ്റേ കണ്ടുപിടിച്ചു (റോൺജൺ)
1896 - മാർക്കോണി വയർലസ് കണ്ടുപിടിച്ചു. ആധുനിക ഒളിമ്പിക്സ് ആരംഭിച്ചു.
1898 - സ്പാനിഷ് അമേരിക്കൻ യുദ്ധത്തിന്റെ ആരംഭം. മേരിക്യൂറി റേഡിയം കണ്ടുപിടിച്ചു.
1899 - ബൂവർ യുദ്ധം.
1903 - അമേരിക്കയിലെ വടക്കൻ കരോലിനയിൽ റൈറ്റ് സഹോദരന്മാരായ ഓർവിലും, വിൽബറും തങ്ങൾ നിർമ്മിച്ച 'ഫ്ളയർ' എന്ന ആദ്യവിമാനം പറപ്പിച്ചു.
1904 - റഷ്യ-ജപ്പാൻ യുദ്ധം
1905 - ഐൻസ്റ്റിൻ ആപേക്ഷിക സിദ്ധാന്തം പ്രഖ്യാപിച്ചു.
1907 - റോബർട്ട് ബേഡൻ പവ്വൽ സ്കൗട്ട് പ്രസ്ഥാനം ആരംഭിച്ചു.
1908 - ചൈനീസ് ബോക്സർ വിപ്ലവം.
1909 - അമേരിക്കക്കാരനായ റോബർട്ട് പിയറി ഉത്തരധ്രുവത്തിൽ എത്തിച്ചേർന്നു.
1911 - ദക്ഷിണ ധ്രുവത്തിൽ ക്യാപ്റ്റൻ അമുണ്ട്സെൻ എത്തി.
1912 - ചൈനീസ് റിപ്ലബ്ലിക്ക് സ്ഥാപിച്ചു.
- ടൈറ്റാനിക് ദുരന്തം.
1914 - ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു.
- പനാമ കനാൽ ഉദ്ഘാടനം
1917 - റഷ്യൻ വിപ്ലവം
1918 - ഒന്നാം ലോകമഹായുദ്ധത്തിന്റെ അന്ത്യം.
1919 - സഖ്യകക്ഷികളും ജർമ്മനിയും തമ്മിലുള്ള വേഴ്സായ് സന്ധി.
1920 - സ്വതന്ത്ര ഐറിഷ് രാഷ്ട്രത്തിന്റെ സ്ഥാപനം.
- ലീഗ് ഓഫ് നേഷൻസിന്റെ ആരംഭം.
1923 - കമൽ പാഷയുടെ നേതൃത്വത്തിൽ ടർക്കി റിപ്പബ്ലിക്കായി.
1925 - ചൈനീസ് പ്രസിഡന്റ് സൺയാത്സെൻ അന്തരിച്ചു.
1933 - ഹിറ്റ്ലർ ജർമ്മനിയുടെ ചാൻസലറായി.
1936 - ബെർലിൻ ഒളിമ്പിക്സ് ഹിറ്റ്ലർ ഉദ്ഘാടനം ചെയ്തു. അമേരിക്കക്കാരനായ കറുത്ത വർഗ്ഗക്കാരൻ ജസ്സി ഓവൻസിന് നാലു സ്വർണ്ണം.
1938 - ബ്രിട്ടീഷ് പ്രധാനമന്ത്രി ചേംബർലൈൻ ഹിറ്റ്ലറുമായി മ്യൂണിക് ഉടമ്പടി ഒപ്പുവച്ചു.
1939 - സെപ്റ്റംബർ 1 ന് രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭം. സ്വിറ്റ്സർലണ്ടുകാരനായ പോൾ മുള്ളർ ഡി.ഡി.റ്റി. കണ്ടുപിടിച്ചു.
1941 - ഹിറ്റ്ലർ റഷ്യ ആക്രമിച്ചു. (ജൂൺ 22) പേൾഹാർബറിൽ വച്ച് ജപ്പാൻ അമേരിക്കൻ കപ്പൽ വ്യൂഹത്തെ ആക്രമിച്ചു.
1942 - മൈക്രോ ബയോളജിസ്റ്റായ സെൽമൻ എ. വാക്സ്മാൻ സ്ട്രെപ്റ്റോമൈസിൻ എന്ന മരുന്ന് കണ്ടുപിടിച്ചു.
1945 - റൂസ്‌വെൽറ്റ്, ചർച്ചിൽ,സ്റ്റാലിൻ എന്നിവർ യാൾട്ടാകരാർ ഒപ്പുവച്ചു.
- നാഗസാക്കിയിലും ഹിരോഷിമയിലും അണുബോംബ് വർഷിച്ചു. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. ഐക്യരാഷ്ട്രസഭ സ്ഥാപിതമായി (ഒക്ടോബർ 24)
1946 - ഐക്യരാഷ്ട്ര അസംബ്ളിയുടെ ഒന്നാം സമ്മേളനം ആരംഭിച്ചു (ജനുവരി 10). ചൈനയിൽ ആഭ്യന്തര കലാപം. ഫിലിപ്പൈൻസ് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അമേരിക്കൻ പ്രസിഡണ്ട് റൂസ്‌വെൽറ്റിന്റെ മരണം.
1947 - പാകിസ്ഥാൻ രൂപംകൊണ്ടു (ആഗസ്റ്റ് 14)
- ഭാരതം സ്വതന്ത്രമായി (ആഗസ്റ്റ് 15)
1948 - ബർമ്മയും ശ്രീലങ്കയും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പാലസ്തീനിൽ ജൂതൻമാരുടെ രാഷ്ട്രത്തിന് രൂപം നൽകി (ഇസ്രായേൽ). ട്രൂമാൻ അമേരിക്കൻ പ്രസിഡണ്ട്.
- മുഹമ്മദലി ജിന്ന അന്തരിച്ചു.
1949 - നോർത്ത് അറ്റ്ലാന്റിക്ക് ട്രീറ്റി ഓർഗനൈസേഷൻ (NATO) രൂപം കൊണ്ടു. ചൈന ജനകീയ റിപ്പബ്ലിക്കായി. മാവോ സേതുങ് പ്രസിഡന്റായി.
- പശ്ചിമജർമ്മനി, പൂർവ്വ ജർമ്മനി എന്നീ രണ്ടു രാജ്യങ്ങളായി ജർമ്മനി വിഭജിക്കപ്പെട്ടു.
1952 - ഇന്ത്യയിൽ പൊതുതെരഞ്ഞെടുപ്പ്, കോൺഗ്രസ്സ് അധികാരത്തിൽ വന്നു.
- ഇംഗ്ലണ്ടിൽ എലിസബത്ത് രാജ്ഞി അധികാരത്തിൽ വന്നു.
- അണുശക്തികൊണ്ട് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ അന്തർവാഹിനി (നോട്ടിലസ്) അമേരിക്ക നിർമ്മിച്ചു.
1953 - ഹിലാരിയും ടെൻസിംഗും എവറസ്റ്റ് കൊടുമുടി കീഴടക്കി. ജോസഫ് ടിറ്റോ യുഗോസ്ലാവ്യയുടെ ആദ്യ പ്രസിഡന്റായി. വിൻസ്റ്റൺ ചർച്ചിലിന് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു.
- കൊറിയൻ യുദ്ധം അവസാനിച്ചു.
1954 - ഇൻഡോ - ചൈനാ യുദ്ധം അവസാനിച്ചു.
- അമേരിക്കൻ സാഹിത്യകാരൻ ഏണസ്റ്റ് ഹെമിങ്‌വേയ്ക്ക് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു. ഇന്ത്യയും ചൈനയും പഞ്ചശീല കരാറിൽ ഒപ്പുവച്ചു.
1955 - ആൽബർട്ട് ഐൻസ്റ്റീൻ അന്തരിച്ചു.
1956 - കേണൽ നാസ്സർ സൂയസ് കനാൽ ദേശസാൽക്കരിച്ചു. പാക്കിസ്ഥാൻ ഇസ്ലാമിക റിപ്പബ്ലിക്കായി പ്രഖ്യാപനം ചെയ്തു.
1957 - റഷ്യ സ്പുട്നിക് I, സ്പുട്നിക് II എന്നീ കൃത്രിമോപഗ്രഹങ്ങൾ വിക്ഷേപിച്ചു.

1959 - ചൈന ടിബറ്റ് ആക്രമിച്ചു. ദലൈ ലാമ ഇന്ത്യയിൽ അഭയം തേടി. ക്യൂബയിൽ ഫിഡൽ കാസ്ട്രോ അധികാരത്തിലെത്തി.

1961 - ആദ്യത്തെ ബഹിരാകാശസഞ്ചാരി യൂറി ഗഗാറിനെ റഷ്യ ബഹിരാകാശത്തേയ്ക്ക് അയച്ചു. (Vostok-I ഏപ്രിൽ 12)അമേരിക്ക അലൻ ഷെപ്പേർഡിനെ ബഹിരാകാശത്തേക്ക് അയച്ചു. (മെയ് 5) ചേരിചേരാ രാജ്യങ്ങൾ ബൽഗ്രേഡിൽ സമ്മേളിച്ചു.

1963 - റഷ്യ ആദ്യമായി ഒരു വനിതയെ (വാലന്റീന തെരഷ്കോവ) ബഹിരാകാശത്തേക്ക് അയച്ചു (ജൂൺ 16).

- പ്രസിഡന്റ് കെന്നഡി വെടിയേറ്റു മരിച്ചു. (നവം. 22)

1965 - പാക്കിസ്ഥാൻ ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തികളിൽ ആക്രമണം നടത്തി. റഷ്യാക്കാരനായ അലക്സിലിയണോവ് ബഹിരാകാശത്ത് ഇറങ്ങി.

1966 - ലാൽ ബഹദൂർ ശാസ്ത്രി അന്തരിച്ചു. (ജനുവരി 11) താഷ്ക്കെന്റ് പ്രഖ്യാപനം.

1967 - ചൈനയിലെ സാംസ്കാരിക വിപ്ലവം. അറബ് ഇസ്രയേൽ യുദ്ധം. സൂയസ് കനാൽ അടയ്ക്കപ്പെട്ടു.

- ഡോ. ക്രിസ്ത്യൻ ബർണാഡിന്റെ നേതൃത്വത്തിൽ ആദ്യഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ.

1969 - ആദ്യമായി മനുഷ്യൻ ചന്ദ്രനിൽ

1970 - സിരിമാവോ ഭണ്ഡാരനായകെ ശ്രീലങ്കൻ പ്രധാനമന്ത്രി.

1971 - ബംഗ്ലാദേശ് സ്വതന്ത്രമായി (മാർച്ച് 26)

1973 - അമേരിക്കയിലെ വാട്ടർഗേറ്റ് സംഭവം. ബഹിരാകാശത്തെ ആദ്യത്തെ പരീക്ഷണനിലയമായ 'സ്കൈലാബ്' അമേരിക്ക വിക്ഷേപിച്ചു.

- ലോകപ്രസിദ്ധ ചിത്രകാരൻ പാബ്ലോ പിക്കാസോ അന്തരിച്ചു.

1975 - എവറസ്റ്റ് കൊടുമുടിയുടെ മുകളിൽ ആദ്യമായി ഒരു വനിത (മിസ്സിസ്സ് ജുൻകോ ടാബി) കാലുകുത്തി. ബംഗ്ലാദേശ് പ്രസിഡന്റ് മുജീബ് റഹ്മാൻ വിപ്ളവത്തിൽ വധിക്കപ്പെട്ടു.

1978 - അമേരിക്കൻ ബഹിരാകാശ സംരംഭമായ സ്കൈലാബ് ഓസ്ട്രേലിയൻ തീരത്തിനടുത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽ തകർന്നുവീണു.

- അയർലണ്ടിൽ വച്ച് മൗണ്ട്ബാറ്റൺ പ്രഭു വധിക്കപ്പെട്ടു.

- ലോകത്തിലെ ആദ്യ ടെസ്റ്റ്യൂബ് ശിശു (ലൂയിസ് ബ്രൗൺ) ഇംഗ്ലണ്ടിലെ ഓൾഡ് പാമിൽ പിറന്നു.

1979 - ബ്രിട്ടനിലെ ആദ്യ വനിതാ പ്രധാനമന്ത്രിയായി യാഥാസ്ഥിതിക കക്ഷിനേതാവ് മാർഗരറ്റ് താച്ചർ അധികാരമേറ്റു.

1980 - ഏപ്രിൽ 17ന് റോബർട്ട് മുഗാബെയുടെ നേതൃത്വത്തിൽ സിംബാബ്വേ സ്വതന്ത്രരാഷ്ട്രമായി.

1981 - യു.എസ്. സ്പേസ് ഷട്ടിലായ കൊളംബിയ വിക്ഷേപിച്ചു.

1982 - ബ്രിട്ടനും അർജന്റീനയും തമ്മിൽ ഫോക്ലാന്റ് യുദ്ധം.

1983 - ലോകത്തിലെ ആദ്യത്തെ കൃത്രിമ ഹൃദയത്തിനുടമയായ ബാർണി ക്ലേർക്ക് അന്തരിച്ചു.

- ശൂന്യാകാശത്തിലേക്ക് പറക്കുന്ന ആദ്യ അമേരിക്കൻ വനിത സാലികെ റൈഡ് ശൂന്യാകാശത്തിൽ.

1984 - അമേരിക്കയിൽ ആദ്യ എയ്ഡ്സ് മരണം. ഇന്ത്യയുടെ രാകേഷ് ശർമ്മ സോയൂസ് റ്റി-11-ൽ ബഹിരാകാശത്തെത്തി.

1985 - ടൈറ്റാനിക് എന്ന യാത്രാകപ്പലിന്റെ അവശിഷ്ടങ്ങൾ അമേരിക്കൻ സബ്മറൈനുകൾ കണ്ടെത്തി.

1986 - അമേരിക്കയുടെ ശൂന്യാകാശ വാഹനം ചലഞ്ചർ വിക്ഷേപിച്ച ഉടൻ തകർന്നുവീണു, 7 യാത്രക്കാർ മരിച്ചു.

1987 - ലോക ജൂനിയർ ചെസ് കിരീടം ഇന്ത്യയുടെ വിശ്വനാഥൻ ആനന്ദിന് ലഭിച്ചു.

1989 - ദലൈലാമയ്ക്ക് സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു.

1990 - 27 വർഷത്തെ ജയിൽ വാസത്തിനൊടുവിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് (ANC) നേതാവ് നെൽസൺ മണ്ടേല മോചിതനായി.

1991 - പശ്ചിമജർമ്മനിയും പൂർവ്വജർമ്മനിയും ബർലിൻ ആസ്ഥാനമാക്കി ഏകീകരിച്ചു.

- ബംഗ്ലാദേശിൽ ആദ്യത്തെ വനിതാ പ്രധാനമന്ത്രിയായി ബീഗം ഖാലിദസിയ അധികാരമേറ്റു.

- ഗൾഫ് യുദ്ധം.

1992 - ചെഷയർഹോമുകളുടെ സ്ഥാപകൻ ലെഹാർഡ് ചെഷയർ ലണ്ടനിൽ അന്തരിച്ചു.

- പെട്രോളിയം കയറ്റുമതി രാഷ്ട്രങ്ങളുടെ സംഘടനയായ ഒപെക്കിൽ (OPEC) നിന്ന് ഇക്വഡോർ പിൻമാറി. റിയോഡീ ജനീറോ (ബ്രസീൽ) യിൽ ആദ്യ ഭൗമ ഉച്ചകോടി നടന്നു.

1993 - റഷ്യൻബഹിരാകാശ സഞ്ചാരികൾ ഒരു കൂറ്റൻ സൗരക്കണ്ണാടി ബഹിരാകാശത്തു സ്ഥാപിച്ചു.

- അമേരിക്ക നക്ഷത്രയുദ്ധം പദ്ധതി ഉപേക്ഷിച്ചു.

1994 - അന്താരാഷ്ട്ര കുടുംബ വർഷം

- ഇന്ത്യയിൽ നിന്നുള്ള സുസ്മിതാ സെൻ മിസ് യൂണിവേഴ്സായും ഐശ്വര്യാ റായ് മിസ് വേൾഡായും തെരഞ്ഞെടുക്കപ്പെട്ടു.

- നെൽസൻ മണ്ടേല ദക്ഷിണാഫ്രിക്കയിലെ ആദ്യ കറുത്തവർഗ്ഗക്കാരനായ പ്രസിഡന്റായി.

1994 - നോർത്ത് അമേരിക്കൻ ഫ്രീ ട്രേഡ് എഗ്രിമെന്റ് (NAFTA) നിലവിൽ വന്നു. ദക്ഷിണ യമൻ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

1995 - ലോകവ്യാപാരസംഘടന (WTO) പ്രവർത്തനം ആരംഭിച്ചു.

- തീവ്ര ഇസ്ലാമിക സംഘടനയായ താലിബാൻ അഫ്ഗാനിസ്ഥാൻ കയ്യടക്കി

1997 - കോഫി അന്നൻ (ഘാനാ) യു.എൻ .സെക്രട്ടറി ജനറലായി സ്ഥാനമേറ്റു. കൽപ്പനാ ചൗള ബഹിരാകാശ വാഹനമായ കൊളംബിയയിൽ ശൂന്യാകാശത്തേക്ക്.

1997 - പാരിസിലെ വാഹനാപകടത്തിൽ ഡയാനാ രാജ്ഞിയും കാമുകൻ ദോദി അൽഫയദും മരിച്ചു.

- മദർ തെരേസ അന്തരിച്ചു

1998 - ആദ്യമായി മാർപ്പാപ്പ (ജോൺ പോൾ) ക്യൂബ സന്ദർശിച്ചു.

1999 - യൂറോ നിലവിൽ വന്നു.

1999 - ക്ലോണിംഗിലൂടെ ജന്മമെടുത്ത 'ഡോളി' എന്ന ആട് 'പോളി' എന്ന കുഞ്ഞിന് ജൻമം നൽകി.

- ലോകജനസംഖ്യ 600 കോടി.

2001 - ചീനയുടെ രണ്ടാമത്തെ ബഹിരാകാശപേടകം ഷെൻഷു -2 വിക്ഷേപിച്ചു.

ക്രിക്കറ്റിലെ ഇതിഹാസം ഡോൺ ബ്രാഡ്മാൻ (92) അന്തരിച്ചു.

- അമേരിക്കയ്ക്കുനേരെ നടന്ന ഭീകരാക്രമണത്തിൽ ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ പൂർണ്ണമായും തകർന്നു (സെപ്തം. 11).

- വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെത്തുടർന്ന് ഭീകരതയ്ക്കെതിരെയുള്ള യുദ്ധമെന്ന് പ്രഖ്യാപിച്ച് യു.എസ്. അഫ്ഗാനിസ്ഥാനിൽ ഒക്ടോ. 20 ന് യുദ്ധം ആരംഭിച്ചു.

- ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ കൃത്രിമ ഹൃദയം 'അബിയോ കോർ' പരീക്ഷിച്ചു.

- ഡോ. ക്രിസ്റ്റ്യൻ ബർണാഡ് അന്തരിച്ചു.

2002 - ഇന്തോനേഷ്യയുടെ ഭാഗമായിരുന്ന ഈസ്റ്റ് തിമൂർ സ്വതന്ത്രരാജ്യമായി.

- അമേരിക്കയിലെ ടെക്സാസിൽ ഗവേഷകർ ക്ലോണിങ്ങിലൂടെ പൂച്ചയെ സൃഷ്ടിച്ചു.

- ഓപ്പറേഷൻ എൻഡ്യൂറിങ്ങ് ഫ്രീഡം

- അഫ്ഗാനിസ്ഥാനിലെ താലിബാനെ

തിരെ അമേരിക്കൻ സൈനിക നീക്കം
2003 - കൊളംബിയ ബഹിരാകാശ വാഹനം തകർന്ന് ഇന്ത്യയുടെ കല്പനാ ചൗള ഉൾപ്പെടെ 7 ബഹിരാകാശ യാത്രികർ മരിച്ചു.
- ഓപ്പറേഷൻ ഇറാഖി ഫ്രീഡം
2004 - പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷന്റെ തലവനായ യാസർ അറാഫത്ത് അന്തരിച്ചു.
- സൂപ്പർമാൻ കഥാപാത്രത്തിന് വെള്ളിത്തിരയിൽ ജീവനേകിയ ക്രിസ്റ്റഫർ റീവ് അന്തരിച്ചു.
- ഇന്തോനേഷ്യയിലെ സുമാത്ര പ്രഭവകേന്ദ്രമായി ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ ഭൂചലനത്തെത്തുടർന്നുണ്ടായ സുനാമിയിൽ രണ്ട് ലക്ഷത്തിലധികം പേർ ഏഷ്യയുടെ പലഭാഗത്തായി കൊല്ലപ്പെട്ടു.
2005 - നാസയുടെ ഡീപ് ഇംപാക്ട് എന്ന ബഹിരാകാശവാഹനം വാൽനക്ഷത്രമായ ടെംപിൾ ഒന്നുമായി കൂട്ടിയിടിച്ചു.
2006 - ഇന്ത്യ - അമേരിക്ക ആണവക്കരാർ നിലവിൽ വന്നു.
- ജൂൺ 28 ന് മോണ്ടിനെഗ്രോ ഐക്യരാഷ്ട്രസഭയുടെ 192-ാമത് അംഗമായി.
- ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ടായ ത്രീ ഗോർജസ് അണക്കെട്ട് ചൈനയിൽ കമ്മീഷൻ ചെയ്തു.
- അന്താരാഷ്ട്ര മരുഭൂവത്കരണ വർഷമായി 2006 നെ ഐക്യ രാഷ്ട്രസഭ ആചരിച്ചു.
- WTO ഉച്ചകോടി ഹോങ്കോങ്ങിൽ നടന്നു.
- സാർക്കിൽ അഫ്ഗാനിസ്ഥാന് അംഗത്വം.
- നേപ്പാളിൽ പാർലമെന്റ് പുനഃസ്ഥാപിച്ചു. ഗിരിജ പ്രസാദ് കൊയ്രാള പ്രധാനമന്ത്രിയായി.
- ഉത്തരകൊറിയ അന്താരാഷ്ട്രവിലക്കുകളെ അവഗണിച്ച് ആണവായുധം പരീക്ഷിച്ചു. ഹാദ്വരിയിഗയിലായിരുന്നു പരീക്ഷണം നടന്നത്.
- സുനിതാ വില്യംസ് ബഹിരാകാശത്ത്
- ബാൻ കി മൂൺ (ദക്ഷിണ കൊറിയ) ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ടു.
- ഷിൻസൊ അബെ പുതിയ ജപ്പാൻ പ്രധാനമന്ത്രി.
- തീവ്രവാദത്തെ ചെറുക്കണമെന്ന പ്രഖ്യാപനവുമായി 14-ാം ചേരിചേരാ ഉച്ചകോടി ക്യൂബയുടെ തലസ്ഥാനം ആയ ഹവാനയിൽ നടന്നു.
- പതിനാറാമത് അന്താരാഷ്ട്ര എയ്ഡ്സ് സമ്മേളനം കാനഡയിലെ ടൊറന്റോയിൽ നടന്നു.
- യുനസ്കോയുടെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ഓഷ്യൻ സുനാമി വാണിങ് ആൻ മൈഗ്രെൻ സിസ്റ്റം.
- ലോകത്തെ സമ്പന്നരിൽ ഒന്നാമത്തെ സ്ഥാനം ബിൽ ഗേറ്റ്സ് നിലനിർത്തി.
- ഡിസംബർ 30 ന് സദ്ദാം ഹുസൈനെ തൂക്കിലേറ്റി.
2007 - റുമേനിയയും ബൾഗേറിയയും യൂറോപ്യൻ യൂണിയനിൽ അംഗങ്ങളായി. ഇതോടെ യൂണിയന്റെ അംഗസംഖ്യ 27 ആയി.
- ഭൂട്ടാന്റെ രാജാവായി ജിഗ്മെ ഖേസർ നാംഗ്യൻ വാങ്ചുക് അധികാരത്തിലേറി.
- ഫിജിയുടെ പ്രധാനമന്ത്രിയായി ബെയ്നി മരോമ ചുമതലയേറ്റു.
- ഡാനിയൽ ഓർട്ടേഗ നിക്കരാഗ്വയുടെ പ്രസിഡന്റ്
- ഇന്ത്യ-യു.എസ്. ആണവകരാർ നിലവിൽ വന്നു.
- ലോകവ്യാപാരസംഘടനയിൽ റഷ്യയും അംഗമായി.
- മെക്സിക്കോയുടെ പുതിയ പ്രസിഡന്റായി **ഫെലിപ്പെ കാൽഡറോൺ** അധികാരമേറ്റു.
- ബഹിരാകാശ യാത്ര നടത്തിയ രണ്ടാമത്തെ ഇന്ത്യൻ വംശജയായി സുനിത വില്യംസ്.
- **റംസാൻ ഖദിറോവ്** ചെച്നിയുടെ പ്രസിഡന്റായി.
- റിപ്പബ്ലിക്കൻ പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സന്റെ രാജിക്ക് വഴിയൊരുക്കിയ വാട്ടർ ഗേറ്റ് വിവാദത്തിലെ ദുരൂഹനായകനായ മുൻ സി.ഐ.എ. ചാരൻ **ഇ. ഹൊവാവാസ് ഹണ്ട്** അന്തരിച്ചു.
- **ഹാൻ ഡ്യൂക്ക് സൂ** ദക്ഷിണകൊറിയയുടെ പ്രസിഡന്റ്.
- ബാൾട്ടിക് സ്റ്റേറ്റ് ആയ എസ്റ്റോണിയ ഇന്റർനെറ്റിലൂടെ വോട്ടെടുപ്പ് നടത്തിയ ആദ്യത്തെ രാജ്യമായി.
- ഫ്രാൻസിന്റെ പ്രസിഡന്റായി നിക്കോളാസ് സർക്കോസി.
- ലോകബാങ്കിന്റെ നിയുക്ത പ്രസിഡന്റായി റോബർട്ട് സൊള്ളിക്ക്.
- ഇന്ത്യയുടെ ആദ്യ വനിതാ പ്രസിഡന്റ് പ്രതിഭാദേവീ സിങ് പാട്ടീൽ.
2008 - പാകിസ്ഥാൻ മുൻപ്രസിഡന്റും പാകിസ്ഥാൻ പീപ്പിൾസ് പാർട്ടി ചെയർപേഴ്സണുമായ ബേനസിർഭൂട്ടോ കൊല്ലപ്പെട്ടു.
- ആദ്യമായി എവറസ്റ്റ് കീഴടക്കിയ സംഘത്തിലെ എഡ്മണ്ട് ഹിലാരി അന്തരിച്ചു.
- നേപ്പാൾ റിപ്പബ്ലിക്കായി. നേപ്പാളിന്റെ അവസാനത്തെ രാജാവായി ജ്ഞാനേന്ദ്ര.
- പുതുതായി റിപ്പബ്ലിക്കായ നേപ്പാളിന്റെ ആദ്യ പ്രസിഡന്റായി രാംബ രൺയാദവ് തിരഞ്ഞെടുക്കപ്പെട്ടു.
- അമേരിക്കൻ ചരിത്രത്തിലെ ആദ്യ കറുത്ത വർഗ്ഗക്കാരനായ പ്രസിഡന്റായി ബരാക്ക് ഹുസൈൻ ഒബാമ.
- ബിൽഗേറ്റ്സ് മൈക്രോസോഫ്ടിന്റെ പടിയിറങ്ങി.
- മാഗ്സാസെ പുരസ്കാരം ഇന്ത്യൻ ദമ്പതികൾക്ക് (പ്രകാശ് ആംതെ, മന്ദാകിനി ആംതെ).
- ഫെഡറൽ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് നേപ്പാളിന്റെ പ്രഥമ പ്രധാനമന്ത്രിയായി പ്രചണ്ഡ പുഷ്പ കമൽ ദഹലിനെ തിരഞ്ഞെടുത്തു.
- ഷൂട്ടിംഗിൽ അഭിനവ്ബിന്ദ്രയിലൂടെ ആദ്യമായി ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് സുവർണനേട്ടം.
- ബദൽ നൊബേൽ സമ്മാനം എന്ന റിയപ്പെടുന്ന റൈറ്റ് ലൈവ്ലി ഹുഡ് പുരസ്കാരത്തിന് ഇന്ത്യൻ ദമ്പതിമാരായ കൃഷ്ണമ്മാളും, ശങ്കരലിംഗം ജഗന്നാഥനും അർഹരായി.
- ഇന്ത്യയുടെ ചാന്ദ്രയാൻ ദൗത്യം വിജയം.
2009 - ബ്രിട്ടനിലെ പ്രമുഖ ഇന്ത്യൻ വ്യവസായി സ്വരാജ് പോളിനെ ബ്രിട്ടീഷ് പ്രഭുസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി നിയമിച്ചു.
- മിസ് വേൾഡായി മിസ് റഷ്യ, Ksenya Sukhinova.
- ബംഗ്ലാദേശിൽ (മൂന്നാം തവണ) ഷെയ്ഖ് ഹസീന പ്രധാനമന്ത്രിയായി അധികാരമേറ്റു.
- 2009, അന്താരാഷ്ട്ര ജ്യോതിശാസ്ത്രവർഷമായി യു.എൻ. പ്രഖ്യാപിച്ചു.
- ഇന്ത്യൻ സംഗീത സംവിധായകൻ A.R.റഹ്മാന് ഗോൾഡൻ ഗ്ലോബ് പുരസ്കാരം.
- ഇന്ത്യൻ നാവികസേനയുടെ പരിശീലന കേന്ദ്രമായ ഏഴിമല നാവിക അക്കാദമി രാഷ്ട്രത്തിന് സമർപ്പിച്ചു.
- അമേരിക്കയിലെ പുതിയ വിദേശകാര്യ സെക്രട്ടറിയായി ഹിലാരി ക്ലിന്റൺ സ്ഥാനമേറ്റു.
- ഇന്ത്യൻ സിനിമാതാരം ഷാരൂഖ്ഖാന് മലേഷ്യ 'ദാതുക്' പദവി നൽകി ആദരിച്ചു.
- 'സ്ലംഡോഗ് മില്ല്യനെയർ' എന്ന ചിത്രത്തിലൂടെ എ.ആർ. റഹ്മാനും (രണ്ട്) റസൂൽപൂക്കുട്ടിക്കും (ഒന്ന്) ഓസ്കാർ ലഭിച്ചു.




# ഭാഷകൾ, മതങ്ങൾ

- എറ്റവും വലിയ ഭാഷാ ഗോത്രം ഇൻഡോ- യൂറോപ്യൻ ആണ്.
- ലോകത്ത് ഏറ്റവുമധികം സംസാരിക്കപ്പെടുന്ന ഭാഷ ചൈനീസ് മൻഡാരിൻ ആണ്. രണ്ടാം സ്ഥാനത്ത് ഹിന്ദിയും മൂന്നാം സ്ഥാനത്ത് ഇംഗ്ലീഷും ആണ്.
- ലോകത്തെ മുഴുവൻ ജനതയുടെ 4% ദ്രാവിഡ ഭാഷ സംസാരിക്കുന്നു.
- ഏറ്റവും കൂടുതൽ ഭാഷകളുള്ളത് ഏഷ്യാ ഭൂഖണ്ഡത്തിലാണ്. യൂറോപ്പിലാണ് ഏറ്റവും കുറവ് ഭാഷകളുള്ളത്.
- ഐക്യരാഷ്ട്ര സഭ 6 ഭാഷകളെ ഔദ്യോഗിക ഭാഷകളായി അംഗീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, സ്പാനിഷ്, ചൈനീസ്, റഷ്യൻ, ഫ്രഞ്ച്, അറബിക് ഇവയാണ് അംഗീകൃത ഭാഷകൾ.

## പ്രധാന ഭാഷാഗോത്രങ്ങൾ

**ഇൻഡോ-യൂറോപ്യൻ:** ഇന്തോ-യൂറോപ്യൻ അഥവാ ആര്യൻ ഭാഷാസമൂഹം യൂറോപ്പു ഭൂഖണ്ഡത്തിന്റെ മിക്ക ഭാഗങ്ങളിലും ഭാരതത്തിലും പരന്നുകിടക്കുന്നു. സംസ്കൃതം, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, സ്പാനിഷ്, ഇറ്റാലിയൻ, ഗ്രീക്ക്, ലാറ്റിൻ, റഷ്യൻ, ഹിന്ദി, മറാഠി, ഗുജറാത്തി, പഞ്ചാബി, ബംഗാളി, നേപ്പാളി, സിംഹളം, പാലി.
**സെമിറ്റിക്:** ഹീബ്രു, ഫിനിഷ്യൻ, അസ്സിരിയൻ, അറബിക്, സിറിയൻ, യഹൂദി.
**ഹെമിറ്റിക്:** സെമിറ്റിക്, ആര്യൻ ഭാഷാസമൂഹങ്ങളേക്കാൾ വിസ്തൃതമായ ഒരു ഭാഷാ വർഗ്ഗമാണ് ഹെമിറ്റിക് വർഗ്ഗം. മെഡിറ്ററേനിയൻ, ഈജിപ്ഷ്യൻ, ബെർബർ ഭാഷകൾ, സൊമാലിയൻ.
**തെക്കുകിഴക്കൻ ഏഷ്യാറ്റിക്:** ചൈനീസ്, അന്നാമീസ്, ബർമ്മീസ്, സയാമിസ്, ടിബറ്റൻ.
**യൂറൽ അല്റ്റേയ്ക്:** മംഗോളിയൻ, ടർക്കിഷ്, സൈബീരിയൻ, കൊറിയൻ, ഹംഗറിയേൻ, ഫിൻലാൻഡ് ഭാഷകൾ. (ഏഷ്യാ ഭൂഖണ്ഡത്തിലെ മധ്യഭാഗം കടന്ന്, യൂറോപ്പിന് തെക്കോട്ടും അറ്റ്ലാന്റിക് പ്രദേശങ്ങളിലുള്ള ഭാഷകൾ)
**ബാണ്ടു ഗോത്രം:** സുളു, ഹെറേറോ, കാങ്ഗോ, ബെംബാ, ഡുമാലാ. (തെക്കേ ആഫ്രിക്കയുടെ തെക്കുഭാഗത്തിലും മധ്യഭാഗത്തിലും കാണുന്ന ഭാഷകൾ).
**ആസ്ട്രിക് ഗോത്രം:** ഇൻഡോനേഷ്യൻ, മെലനേഷ്യൻ, പോളിനേഷൻ. (ഇൻഡോ ചൈന, മാലദ്വീപ്, ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിലും ഈ ഗോത്രത്തിന്റെ പ്രസരണം ഉണ്ട്).
**ദ്രാവിഡ ഗോത്രം:** തമിഴ്, മലയാളം, തെലുങ്ക്, കന്നട, തുളു, ഗോണ്ഡ്, കുയി, കൊടക്, ബ്രാഹൂയി.

## ലോകത്തിലെ പ്രധാന ഗോത്രവിഭാഗങ്ങൾ

ആഫ്രിക്കാനേറുകൾ ............................................... ദക്ഷിണാഫ്രിക്കയിൽ ജനിച്ച ഡച്ചു വംശജർ.
അഫ്രീഡികൾ .............................. പാകിസ്ഥാന്റെ വടക്കുപടിഞ്ഞാറു ഭാഗത്തു കാണപ്പെടുന്ന വംശം.
ആംഗ്ലോ സാക്സണുകൾ ............................................................................... ഇംഗ്ലണ്ടിലെ ജനത.
ഭില്ലുകൾ ................................................... രാജസ്ഥാനിലും മദ്ധ്യേന്ത്യയിലും കാണപ്പെടുന്ന വംശം.
ബ്ലൂവറുകൾ .......................................... ദക്ഷിണാഫ്രിക്കയിൽ കാണപ്പെടുന്ന ഡച്ചു കുടിയേറ്റക്കാർ
ബുഷ്മെൻ ................................ കൽഹാരി മരുഭൂമിയിൽ കാണപ്പെടുന്ന ആദിമ ഗോത്രവർഗ്ഗക്കാർ.
കൊസ്സാക്കുകൾ .................................. റഷ്യയുടെ തെക്കുകിഴക്ക് പ്രദേശത്ത് കാണപ്പെടുന്ന വംശം.
ക്രൊയാട്ടുകൾ .................... ക്രൊയേഷ്യ, സ്ലോവേനിയ തുടങ്ങിയ രാജ്യങ്ങളിൽ കാണപ്പെടുന്ന വംശം
എസ്കിമോകൾ ...................... ശൈത്യമേഖലയായ ഗ്രീൻലാൻഡ്, അലാസ്ക, അന്റാർട്ടിക്ക തുടങ്ങിയ
.................................................................. മേഖലകളിൽ മാത്രം കാണപ്പെടുന്ന ഗോത്രം
ഫ്ളെമിങ്ങുകൾ ...................................................... ഫിലിപ്പൈൻ ദ്വീപുകളിലെ ആദിമനിവാസികൾ
കാർബികൾ ............................................................................ അസ്സമിൽ കണ്ടുവരുന്ന ഗോത്രം.
ഖാസികൾ ............... മേഘാലയത്തിലെ ഖാസി, ജയന്തിയ തുടങ്ങിയ മലനിരകളിൽ താമസിക്കുന്നവർ
കുർദ്ദുകൾ .......................... ഇറാൻ, ഇറാഖ്, തുർക്കി എന്നിവിടങ്ങളിൽ കാണപ്പെടുന്ന ഗോത്ര വർഗ്ഗം
മൂറുകൾ ...................................... ഉത്തര ആഫ്രിക്കയിൽ മാത്രം കാണപ്പെടുന്ന ഒരു ഗോത്ര വർഗ്ഗം
ലെപ്ച്ചാകൾ .......................................................................................... സിക്കിമിലെ ഗോത്രവർഗ്ഗം
മാഗ്യാറുകൾ ................................................................. ഹംഗറിയിൽ കാണപ്പെടുന്ന ഗോത്രവർഗ്ഗം
മാവ്റികൾ, കിവീസ് ........................................................................... ന്യൂസിലന്റിലെ ഗോത്രവർഗ്ഗം
മായന്മാർ ........................................................ മദ്ധ്യ അമേരിക്കയിൽ കാണപ്പെടുന്ന ആദിമ വിഭാഗം
മുണ്ട ..................................................... മദ്ധ്യപ്രദേശിൽ മാത്രം കണ്ടുവരുന്ന ഗോത്രവിഭാഗം
നിഗ്രിറ്റോകൾ .................................................................... ആൻഡമാനിലെ പ്രാചീന ഗോത്രവർഗ്ഗം
പിഗ്മികൾ ............ ആഫ്രിക്കൻ വനാന്തരങ്ങളിൽ മാത്രം കണ്ടുവരുന്ന ഉയരം കുറഞ്ഞ ആദിമ ഗോത്രം
റെഡ് ഇൻഡ്യൻസ് ............................................... വടക്കേ അമേരിക്കയിലെ ആദിമ ഗോത്രവർഗ്ഗം
സന്താളുകൾ ........... ബംഗാൾ, ബീഹാർ, ഒറീസ എന്നിവിടങ്ങളിൽ കാണപ്പെടുന്ന ആദിമ ഗോത്ര വർഗ്ഗം
സെമങ്ങുകൾ ........................................................................... മലേഷ്യയിലെ ഗോത്രവർഗ്ഗം
തോഡന്മാർ (Todas) ...................................... തമിഴ്നാട്ടിലെ നീലഗിരിക്കുന്നുകളിലെ ഗോത്രവർഗ്ഗം
സുളുകൾ (Zulus) ................................ ദക്ഷിണാഫ്രിക്കയിലെ നേറ്റാൾ പ്രവിശ്യയിലെ ഗോത്രവർഗ്ഗം
മംഗോളിയൻ ...................... ചൈന, തെക്കു കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ കാണപ്പെടുന്ന ജനത
ഷെർപ്പകൾ ...................... നേപ്പാൾ, ടിബറ്റ് എന്നീ പ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്ന ഗോത്രവർഗ്ഗം

## ലോക മാതൃഭാഷാ ദിനം

ഫെബ്രുവരി 21 ആണ് ലോക മാതൃഭാഷാ ദിനമായി ആചരിക്കുന്നത്. 1999 നവംബർ 12-നാണ് യുനസ്കോ ഫെബ്രുവരി 21 ലോക മാതൃഭാഷാ ദിനമായി അംഗീകരിച്ചത്. 2008-നെ ലോക ഭാഷാ വർഷമായി ഇതോടൊപ്പം പ്രഖ്യാപിക്കുകയും ചെയ്തു. ബംഗ്ലാദേശിൽ ആചരിച്ചുവരുന്ന ഭാഷാ പ്രസ്ഥാന ദിനത്തിന് അന്തർദേശീയ തലത്തിൽ ലഭിച്ച അംഗീകാരം കൂടിയാണ് ഇത്. 1952 ഫെബ്രുവരി 21-ന് ബംഗാളി ഭാഷാ പ്രസ്ഥാനത്തിന്റെ ഒരു പ്രതിഷേധ സമരത്തിൽ ഉണ്ടായ പോലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടവരുടെ സ്മരണയ്ക്കായാണ് ബംഗ്ലാദേശിൽ ഭാഷാ പ്രസ്ഥാന ദിനം ആചരിച്ചുകൊണ്ടിരിക്കുന്നത്.

# aX§Ä

**ക്രിസ്തുമതം**

യേശുക്രിസ്തു ക്രിസ്തുമത സ്ഥാപകൻ. ബൈബിളാണ് മതഗ്രന്ഥം. പ്രധാന പുണ്യ സ്ഥലങ്ങൾ ജറുസലേം, വത്തിക്കാൻ എന്നി വയാണ്.

**ഇസ്ലാം മതം**

എ.ഡി. 622-ൽ പ്രവാചകനായ മുഹമ്മദ് നബി (570-632) മതസ്ഥാപകൻ. വിശുദ്ധ ഗ്രന്ഥം ഖുറാനാണ്. സൗദി അറേബ്യയിലെ മെക്ക യാണ് പ്രധാന പുണ്യസ്ഥലം.

**ഹൈന്ദവമതം**

അയ്യായിരത്തിലധികം വർഷങ്ങളായി നില നിൽക്കുന്ന ഒരു വിശ്വാസ പ്രമാണമാണ് ഹിന്ദുമതം. ലോകത്തിലെ ഏക ഹിന്ദുരാജ്യം നേപ്പാളാണെങ്കിലും ഏറ്റവും കൂടുതൽ ഹൈന്ദവീയർ ഭാരതത്തിലാണുള്ളത്. ധാരാളം വർണ്ണവർഗ്ഗ ജാതീഭേദത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ കൂട്ടായ്മ കൂടിയാണ് ഈ മതം.

**ബുദ്ധമതം**

ഗൗതമ ബുദ്ധനാണ് ഈ മതം സ്ഥാപിച്ചത്. ത്രിപിടകം എന്ന പാലി ഭാഷയിലെ ബുദ്ധപ്ര ഭാഷണങ്ങൾ അടങ്ങുന്ന ഗ്രന്ഥമാണ് മതഗ്ര ന്ഥം. ലുംബിനി, ബുദ്ധഗയ, കുശിനഗരം, സാരനാഥ് തുടങ്ങിയവ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളാണ്.

**ജൂതമതം**

തോറയാണ് മതഗ്രന്ഥം. ആരാധനാലയം സിനഗോഗ് എന്നറിയപ്പെടുന്നു. പ്രധാന പുണ്യസ്ഥലം ജറുസലേം ആണ്. പ്രധാന യഹൂദ (ജൂത) രാജ്യമാണ് ഇസ്രയേൽ.

**സിഖ്മതം**

ഭാരതം ജന്മം നൽകിയ പ്രധാന മതങ്ങളിൽ ഒന്നാണ് സിഖ്മതം. ഗുരുനാനാക്കാണ് ഇത് സ്ഥാപിച്ചത്. ഗുരുഗ്രന്ഥസാഹിബ് ആണ് വിശുദ്ധ ഗ്രന്ഥം.

> മതങ്ങളിൽ
> ഒന്നാം സ്ഥാനം ക്രിസ്തുമതത്തിനാണ്.
> രണ്ടാം സ്ഥാനം
> ഇസ്ലാം മതത്തിനും മൂന്നാം സ്ഥാനം
> ഹിന്ദുമതത്തിനുമാണ്.
> ക്രിസ്തുമതം 32.91%,
> ഇസ്ലാം മതം- 17.77%,
> ഹിന്ദുമതം 13.25%

**ജൈനമതം**

സ്ഥാപകൻ 24-ാമത്തെ തീർത്ഥങ്കരൻ വർദ്ധ മാന മഹാവീരൻ. ആദ്യതീർത്ഥങ്കരൻ ഋഷഭ ദേവനായിരുന്നു. മതഗ്രന്ഥം കൽപസൂ ത്രവും ആരാധനാകേന്ദ്രം ജൈനക്ഷേത്രങ്ങ ളുമാണ്.

**ഷിന്റോയിസം**

ജാപ്പനീസ് സംസ്കാരത്തോടൊപ്പം പ്രത്യേക സ്ഥാപകനില്ലാതെ വികസിച്ചു. ആരാധനാ കേന്ദ്രങ്ങൾ ഇസേയിലെ കേന്ദ്ര ക്ഷേത്രവും യാസുകുനി ക്ഷേത്രവും ആണ്.

**താവോയിസം**

ചൈനീസ് തത്വചിന്തകനായ ലാ-വോത്സേ ബി.സി. 6-ാം നൂറ്റാണ്ടിൽ സ്ഥാപിച്ചു. മത ഗ്രന്ഥം താവോ-തെ-ചിംഗ്.

**കൺഫ്യൂഷനിസം**

കൺഫ്യൂഷ്യസ് (കുംഗ് ഫുത്സു-ബി.സി. 551-479). ബി.സി. 500-ൽ സ്ഥാപിച്ചതാണ്. മത ഗ്രന്ഥം ദി അനലക്റ്റ്സ്.

## പ്രധാന രാജ്യങ്ങളും ഭാഷകളും

നേപ്പാൾ - നേപ്പാളി, ഭോജ്പുരി, മൈഥിലി, ജപ്പാൻ - ജാപ്പനീസ്, കാനഡ - ഇംഗ്ലീഷ്, ഫ്രഞ്ച്, മ്യാൻമർ - ബർമ്മീസ്, കാരൻ, ഷാസ, ഡെൻമാർക്ക് - ഡാനിഷ്, പോളണ്ട് - പോളിഷ്, ചൈന - ചൈനീസ് (മണ്ഡാരിൻ), ജർമ്മൻ - ജർമ്മനി, അയർലണ്ട് - ഐറിഷ്, ഇംഗ്ലീഷ്, ക്യൂബ - സ്പാനിഷ്, റഷ്യ - റഷ്യൻ, ബൈലോ റഷ്യ, ഉസബക്, ജോർജിയൻ, സിംഗപ്പൂർ - മലായ്, ചൈനീസ്, തമിഴ് ഇംഗ്ലീഷ്, ഒമാൻ - അറബി, ഇസ്രായേൽ - അറബി, ഹീബ്രു, വിയറ്റ്നാം - വിയറ്റ്നാമീസ്, ഫ്രഞ്ച്, ഇംഗ്ലീഷ്, ചൈനീസ്, പാകിസ്ഥാൻ - ഉറുദു (ഔദ്യോഗിക ഭാഷ), പഞ്ചാബി, സിന്ധി, ബലൂചി, ഇംഗ്ലീഷ്, ഭൂട്ടാൻ - സോംഘ, നേപ്പാളി, ഇംഗ്ലീഷ്, ഈജിപ്ത് - അറബി, ഇംഗ്ലീഷ്.



# അന്താരാഷ്ട്ര സംഘടനകൾ

### സർവരാജ്യ സഖ്യം (The League of Nations)

- ഒന്നാം ലോകമഹായുദ്ധാനന്തരം പാരീസ് കോൺഫറൻസിൽ പങ്കെ ടുത്ത രാഷ്ട്രങ്ങളുടെ പ്രതിനിധികൾ വിഭാവനം ചെയ്തതാണ് സർവരാഷ്ട്ര സഖ്യം.
- അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസണായിരുന്നു യഥാർത്ഥ സ്ഥാപകൻ.
- 1920, ജനുവരി 10-ന് സർവരാഷ്ട്ര സഖ്യം ഔദ്യോഗികമായി നിലവിൽ വന്നു.
- സർവരാഷ്ട്രസഖ്യത്തിന്റെ ആസ്ഥാനം ജനീവ. ജനറൽ അസംബ്ലി, കൗൺസിൽ, അന്താ രാഷ്ട്ര കോടതി, അന്താരാഷ്ട്ര തൊഴിൽ സംഘടന, ലോകാരോഗ്യ സംഘടന എന്നിവ ഭാഗമായിരുന്നു.
- അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ എന്നിവയായിരുന്നു ആദ്യത്തെ സ്ഥിരാംഗങ്ങൾ. പിന്നീട് റഷ്യയും ജർമ്മനിയും സ്ഥിരാംഗങ്ങ ളായി.

### ഐക്യരാഷ്ട്ര സംഘടന

- ഐക്യരാഷ്ട്ര സംഘടനയുടെ ആസ്ഥാനം ന്യൂയോർക്കിലെ മാൻഹട്ട നിലാണ്.
- 1945, ഒക്ടോബർ 24-ന് സാൻഫ്രാൻസി സ്കോയിലാണ് സംഘടന രൂപം കൊ ണ്ടത്. ഒക്ടോബർ 24 ഐക്യരാഷ്ട്ര ദി നമായി ആചരിക്കുന്നു.
- ഐക്യരാഷ്ട്ര സംഘടന നിലവിൽ വരുമ്പോൾ 51 അംഗരാഷ്ട്രങ്ങളുണ്ടാ യിരുന്നു. ഇന്ന് 192 അംഗരാജ്യങ്ങളു ണ്ട്.
- ഒക്ടോബർ 30, 1945 മുതൽ ഭാരതം ഐക്യരാഷ്ട്ര സംഘടനയിലെ അംഗ മാണ്. നിരുപം സെൻ ആണ് യു.എ ന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി.
- പൊതുസഭ (ജനറൽ അസംബ്ലി), രക്ഷാസമിതി (സെക്യൂരിറ്റി കൗൺസിൽ), സാമ്പത്തിക -സാമൂ ഹിക സമിതി, ട്രസ്റ്റിഷിപ്പ് സമിതി, അന്താരാഷ്ട്ര നീതിന്യായ കോടതി, സെക്രട്ടറിയേറ്റ് എന്നിവയാണ് ഐക്യ രാഷ്ട്ര സംഘടനയുടെ പ്രധാന ഘട കങ്ങൾ.



## ഐക്യരാഷ്ട്രസഭാ തലവൻമാർ

1. ട്രിഗ്വെലി (നോർവേ) 1946 - 53
2. ദാഗ് ഹാമ്മർസ്കോൾഡ് (സ്വീഡൻ) 1953 - 61
3. യു.താണ്ട് (ബർമ്മ) 1961 - 71
4. കുർട്ട് വാൽ ഹൈം (ആസ്ട്രിയ) 1972 - 81
5. ജാവിയർ പെരസ് ദി ക്വയർ (പെറു) 1982 - 91
6. ഡോ.ബുട്രോസ് ബുട്രോസ് ഘാലി (ഈജിപ്റ്റ്) 1992 - 96
7. കോഫി അന്നൻ (ഘാന) 1997 - 2006
8. ബാൻ കി മൂൺ (ദക്ഷിണ കൊറിയ) 2007 (തുടരുന്നു)



ഐക്യരാഷ്ട്രസംഘടനയുടെ പതാക നിലവിൽ വന്നത് 1947 ഒക്ടോ
ഐക്യരാഷ്ട്രസംഘടനയുടെ പതാക നിറം ഇളം നീല (ഒലീവ് ശാഖ
ബർ 20 - നാണ്. യു.എൻ. പതാകയുടെ നിറം ഇളം നീല (ഒലീവ് ശാഖ
കൾക്കിടയിൽ സ്ഥിതിചെയ്യുന്ന ഇളം നീല പശ്ചാത്തലത്തോട് കൂടിയ
ലോകഭൂപടം). ലോകഭൂപടത്തിന്റെ ഉത്തരധ്രുവത്തിന്റെ ഭാഗമാണ് യു.
എൻ. പതാകയിൽ ആലേഖനം ചെയ്തിരിക്കുന്നത്

### ഔദ്യോഗിക ഭാഷകൾ

ആറ് ഔദ്യോഗിക ഭാഷകൾ ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ചിട്ടുണ്ട്. അവ ചൈനീസ്, ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ, സ്പാനിഷ്, അറബിക് എന്നിവയാണ്.

- ഐക്യരാഷ്ട്രസഭയുടെ രൂപീകരണത്തിനു പശ്ചാത്തലമായ അറ്റ്ലാന്റിക് ചാർട്ടർ ഒപ്പ് വച്ചത് 1941 ആഗസ്റ്റ് 14 (അമേരിക്കയുടെ അന്നത്തെ പ്രസിഡന്റായിരുന്ന F.D റൂസ് വെൽറ്റും ബ്രിട്ടീഷ് പ്രധാനമന്ത്രിയായ വിൻസ്റ്റൺ ചർച്ചിലുമാണ് ചാർട്ടർ ഒപ്പു വച്ചത്.
- ചാർട്ടറിന്റെ ആമുഖം തയ്യാറാക്കിയത് ഫീൽഡ് മാർഷൽ സ്മട്ട്സ് ആണ്.
- ഐക്യരാഷ്ട്രസംഘടന രൂപീകരിക്കുവാൻ തീരുമാനിച്ച 'യാൾട്ട' (ഉക്രയിൻ) സമ്മേളനത്തിൽ (1945) പങ്കെടുത്ത നേതാക്കന്മാർ റൂസ്‌വെൽറ്റ്, ചർച്ചിൽ, സ്റ്റാലിൻ (സോവിയറ്റ് യൂണിയൻ) എന്നിവരാണ്.
- യു.എൻ. ചാർട്ടർ (ഭരണഘടന) ഒപ്പുവച്ചത് അമേരിക്കയിലെ, സാൻഫ്രാൻസിസ്കോയിൽ വച്ച് 1945 ജൂൺ 26-നാണ്. 50 രാജ്യങ്ങൾ ആണ് ഉണ്ടായിരുന്നത്.

## ഐക്യരാഷ്ട്ര സംഘടനയുടെ ഘടന

### പൊതുസഭ (General Assembly)

ഐക്യരാഷ്ട്ര സംഘടനയിലെ എല്ലാ അംഗങ്ങളും ചേർന്നതാണ് പൊതുസഭ. 'ലോക പാർലമെന്റ്' എന്നറിയപ്പെടുന്നു. പൊതുസഭയുടെ പ്രഥമസമ്മേളനം നടന്നത് 1946-ൽ ലണ്ടനിൽ വെച്ചാണ്. പൊതുസഭയിലെ അംഗരാജ്യങ്ങളുടെ എണ്ണം 192 ആണ്. 2002-ൽ ചേർന്ന മോണ്ടിനെഗ്രോയാണ് 192-ാമത്തെ രാജ്യം.

ആസ്ഥാനം ന്യൂയോർക്കാണ്. പൊതുസഭ സമ്മേളിക്കുന്നത് വർഷത്തിൽ ഒരിക്കലാണ്. വാർഷിക സമ്മേളനങ്ങൾ നടക്കുന്നത് സെപ്റ്റംബർ ഒന്നിനുശേഷമുള്ള ആദ്യ ചൊവ്വാഴ്ച മുതൽ രണ്ടാഴ്ചക്കാലമാണ്.

രക്ഷാസമിതിയുടെ നിർദ്ദേശാനുസരണം പൊതുസഭയാണ് സെക്രട്ടറി-ജനറലിനെ തെരഞ്ഞെടുക്കുന്നത്. ഓരോ അംഗരാജ്യത്തിനും അഞ്ച് പ്രതിനിധികളെ വീതം സംഘടനയിലേക്ക് അയയ്ക്കാമെങ്കിലും ഒരു വോട്ടേയുള്ളു. പൊതുസഭയിൽ ആർക്കും വീറ്റോ അധികാരം ഇല്ല.

- യു.എൻ.പൊതുസഭയുടെ അധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിതയാണ് വിജയലക്ഷ്മി പണ്ഡിറ്റ് (1953)
- യു.എന്നിൽ അംഗമല്ലാത്ത ഏക ഏഷ്യൻ രാജ്യമാണ് തായ്‌വാൻ (1971-ൽ പുറത്താക്കപ്പെട്ടു).
- യു.എൻ. പൊതുസഭയിൽ ആദ്യമായി ഹിന്ദിയിൽ സംസാരിച്ച പ്രധാനമന്ത്രിയാണ് എ.ബി. വാജ്പേയി.

### രക്ഷാസമിതി (Security Council)

ഐക്യരാഷ്ട്ര സംഘടനയുടെ പരമപ്രധാനമായ ഭാഗമാണ് രക്ഷാസമിതി. യു.എന്നിന്റെ ഭരണനയം സംബന്ധിച്ച തീരുമാനമെടുക്കുന്ന ഘടകമാണ് രക്ഷാസമിതി. അന്തർദേശീയ സുരക്ഷയും സമാധാനവും പാലിക്കുന്നതിന് ചുമതലപ്പെട്ടിരിക്കുന്നത് രക്ഷാസമിതിയാണ്. Enforcement wing of the UN എന്നാണ് രക്ഷാ സമിതി അറിയപ്പെടുന്നത്. 5 സ്ഥിരാംഗങ്ങളും രണ്ടുവർഷത്തെ കാലയളവിൽ പൊതുസഭ തെരഞ്ഞെടുക്കുന്ന 10 അംഗങ്ങളും അടങ്ങിയതാണ് രക്ഷാസമിതി. യു.എസ്.എ, ബ്രിട്ടൻ, ചൈന, ഫ്രാൻസ്, റഷ്യ (പി-5 രാഷ്ട്രങ്ങൾ) എന്നിവ സ്ഥിരാംഗങ്ങളാണ്. വീറ്റോ അധികാരം സ്ഥിരാംഗങ്ങൾക്ക് മാത്രമാണ്. രക്ഷാസമിതിയിലെ ഒരു പ്രമേയം പാസാക്കുവാൻ 9 വോട്ട് ആവശ്യമുണ്ട്. എല്ലാ പി-5 രാഷ്ട്രങ്ങളും ഇത് അംഗീകരിച്ചിരിക്കണം. (പി-5: പെർമെനന്റ് ഫൈവ്).

## സാമ്പത്തിക-സാമൂഹിക സമിതി (ECOSOC-Economic and Social Council)

അന്തർദേശീയ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക-മാനുഷിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാമ്പത്തിക-സാമൂഹിക സമിതി. ആസ്ഥാനം ന്യൂയോർക്ക്.

പൊതുസഭയുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെയാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. സമിതിയുടെ രണ്ട് സമ്മേളനങ്ങൾ ഓരോ വർഷവും നടക്കുന്നു.

സമിതിയുടെ കീഴിൽ 5 സാമ്പത്തിക കമ്മീഷനുകളുണ്ട്.

യൂറോപ്യൻ സാമ്പത്തിക കമ്മീഷൻ (ECE) ആസ്ഥാനം: ജനീവ.

ഏഷ്യാ പസഫിക് സാമ്പത്തിക സാമൂഹിക കമ്മീഷൻ (ESCAP):ബാങ്കോക്ക്.

ലാറ്റിനമേരിക്കൻ സാമ്പത്തിക കമ്മീഷൻ (ECL) : സാന്റിയാഗോ.

ആഫ്രിക്കൻ സാമ്പത്തിക കമ്മീഷൻ (ECA): ആഡിസ് അബാബ.

പശ്ചിമേഷ്യൻ സാമ്പത്തിക കമ്മീഷൻ (ECW): ബാഗ്ദാദ്

ജനസംഖ്യ, തൊഴിൽ, സാമ്പത്തികം, മനുഷ്യാവകാശം, ഗതാഗതം, വാർത്താവിനിമയം എന്നിവയുടെ സ്ഥിതിവിവര കണക്കുകളും മയക്കുമരുന്ന് വ്യാപാര നിയന്ത്രണവും സാമ്പത്തിക സാമൂഹിക സമിതിയുടെ ചുമതലകളാണ്.

### ട്രസ്റ്റിഷിപ്പ് സമിതി

ട്രസ്റ്റിഷിപ്പ് സമിതിയിൽ സുരക്ഷാ സമിതിയിലെ സ്ഥിരാംഗങ്ങൾക്ക് പുറമേ, മാൻഡേറ്ററി പ്രദേശങ്ങളും ഭരണം നടത്തുന്ന രാജ്യങ്ങളും വരുന്നു. യു.എന്നിന്റെ കീഴിൽ ട്രസ്റ്റികളായി വരുന്ന രാജ്യങ്ങളുടെ ഭരണം ട്രസ്റ്റ്ഷിപ്പ് സമിതിയാണ് നടത്തുന്നത്. എന്നാൽ ഒരുരാജ്യത്ത് നിയമങ്ങൾ ഏർപ്പെടുത്താൻ സമിതിക്ക് അവകാശമില്ല. രണ്ടു വർഷത്തിലൊരിക്കലാണ് ട്രസ്റ്റ്ഷിപ്പ് സമിതി സമ്മേളിക്കുന്നത്.

### സെക്രട്ടേറിയറ്റ്

യു.എന്നിന്റെ ദൈനംദിന ഭരണനിർവഹണത്തിന്റെ ഉത്തരവാദിത്വം ആണ് സെക്രട്ടേറിയറ്റിനുള്ളത്. യുഎന്നിന്റെ സെക്രട്ടറി ജനറലാണ് സെക്രട്ടേറിയറ്റിന്റെ തലവൻ. രക്ഷാസമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ പൊതുസഭയാണ് സെക്രട്ടറി ജനറലിനെ തെരഞ്ഞെടുക്കുന്നത്. അഞ്ചു വർഷമാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി. സെക്രട്ടറി ജനറലിനെ സഹായിക്കാൻ ഒരു ഡെപ്യൂട്ടി സെക്രട്ടറി ജനറലും 12 അസിസ്റ്റന്റ് സെക്രട്ടറി ജനറൽമാരുമുണ്ട്.

- പ്രഥമ സെക്രട്ടറിജനറൽ ട്രിഗ്വേ ലീ
- സെക്രട്ടറി ജനറൽ സ്ഥാനത്തിന് മത്സരിച്ച ഇന്ത്യാക്കാരൻ ശശി തരൂർ

### അന്താരാഷ്ട്ര നീതിന്യായ കോടതി (International Court of Justice)

അന്താരാഷ്ട്ര നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. ഐക്യരാഷ്ട്ര സംഘടനയിലെ എല്ലാ അംഗരാഷ്ട്രങ്ങളും ഈ കോടതിയുടെ നിയമപരിധിയിൽ വരും.

പൊതുസഭയും രക്ഷാസമിതിയും ചേർന്നാണ് ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നത്. ഹേഗിലാണ് (ഹോളണ്ട്) കോടതിയുടെ ആസ്ഥാനം. എന്നാൽ കോടതിക്ക് എവിടെ വേണമെങ്കിലും സമ്മേളിക്കാവുന്നതാണ്. കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 15 (9 വർഷം കാലാവധി) ആണ്. ഒരു രാജ്യത്തു നിന്ന് ഒന്നിൽ കൂടുതൽ ജഡ്ജിമാർ അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ ഉണ്ടാവില്ല. എന്നാൽ അവർ വീണ്ടും തെരഞ്ഞെടുക്കപ്പെടാൻ അർഹരാണ്.

പ്രസിഡന്റും വൈസ് പ്രസിഡന്റും മൂന്നു വർഷത്തെ കാലാവധിയിലാണ് തെരഞ്ഞെടുക്കപ്പെടുന്നത്.

- കോടതിയിലെ ഔദ്യോഗികഭാഷകൾ **ഇംഗ്ലീഷ്, ഫ്രഞ്ച് എന്നിവയാണ്.**
- **ബി.എൻ.റാവു, നാഗേന്ദ്രസിംഗ്, ആർ. എസ്. പഥക്** എന്നിവരാണ് കോടതിയിലെ ജഡ്ജിമാരായിരുന്ന ഭാരതീയർ. അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ ജഡ്ജിയായ ആദ്യ ഇന്ത്യാക്കാരൻ ജസ്റ്റിസ് നാഗേന്ദ്രസിംഗ് ആണ്.

## സെക്രട്ടറി ജനറൽ - ശ്രദ്ധേയ വസ്തുതകൾ

- പ്രഥമ സെക്രട്ടറി ജനറൽ ട്രിഗ്വേ ലീ
- പ്രഥമ യൂറോപ്യൻ സെക്രട്ടറി ജനറൽ ട്രിഗ്വേ ലീ (നോർവേ)
- സമാധാനത്തിനുള്ള നോബൽ സമ്മാനം (1961) നേടിയ ആദ്യ സെക്രട്ടറി ജനറലാണ് ഹാമർ ഷോൾഡ്.
- മരണപ്പെടുന്ന യു.എൻ. സമാധാന പോരാളികൾക്ക് നൽകുന്ന അവാർഡ് ഹാമർ ഷോൾഡിന്റെ പേരിലാണ് നൽകുന്നത്
- സർവ്വീസിലിരിക്കെ അന്തരിച്ച (വിമാനപകടത്തിൽ) ഏക സെക്രട്ടറി ജനറലാണ് ഹാമർ ഷോൾഡ്.
- യു.എൻ. സെക്രട്ടറി ജനറലായി വിരമിച്ചശേഷം ഒരു രാഷ്ട്രത്തിലെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് കുർട്ട് വാൾഡ് ഹൈം (ആസ്ട്രിയ)
- യു.എൻ. സെക്രട്ടറി ജനറലായി വിരമിച്ചശേഷം ഒരു രാഷ്ട്രത്തിന്റെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത് ജാവിയർ പെരെസ് ഡി ക്വയർ (പെറു)
- ആദ്യത്തെ ഏഷ്യക്കാരനായ സെക്രട്ടറി ജനറൽ യു. താണ്ട് (മ്യാൻമാർ)
- ആഫ്രിക്കകാരനായ ആദ്യ സെക്രട്ടറി ജനറൽ ബുട്രോസ് ഘാലി (ഈജിപ്ത്)
- കറുത്തവർഗക്കാരനായ ആദ്യ സെക്രട്ടറി ജനറൽ കോഫി അന്നൻ
- കോഫി അന്നനും, ഐക്യരാഷ്ട്രസംഘടനയ്ക്കും സമാധാനത്തിനുള്ള നൊബേൽ സമ്മാനംലഭിച്ചത് ഏതു വർഷം - 2001 -ൽ
- ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ സ്ഥാനം രാജിവച്ച ഏക സെക്രട്ടറി ജനറൽ ട്രിഗ്വേ ലീ (കൊറിയൻ യുദ്ധത്തിൽ സോവിയറ്റ് യൂണിയൻ നിലപാടിൽ പ്രതിഷേധിച്ചാണ് രാജി)
- ലാറ്റിനമേരിക്കയിൽ നിന്നുള്ള ആദ്യത്തെ യു.എൻ. സെക്രട്ടറി ജനറൽ ജാവിയർ പെരെസ് ഡിക്വയർ
- ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ പദവിയിലെത്തുന്ന പ്രഥമ ആഫ്രിക്കക്കാരൻ ഡോ. ബുട്രോസ് ബുട്രോസ് ഘാലി (ഏറ്റവും കുറച്ചുകാലം സെക്രട്ടറി ജനറലായ വ്യക്തി. രണ്ടാമതും തിരഞ്ഞെടുക്കപ്പെടാതിരുന്ന ഏക സെക്രട്ടറി ജനറൽ എന്നീ വിശേഷണങ്ങൾ ഘാലിക്കുള്ളതാണ്)
- ഏഷ്യക്കാരനായ രണ്ടാമത് യു.എൻ.സെക്രട്ടറി ജനറലാണ് ബാൻ കി മൂൺ
- ബാൻ കി മൂണിന്റെ അണ്ടർ സെക്രട്ടറിയായി നിയമിതനായ ഇന്ത്യൻ നയതന്ത്രജ്ഞനാണ് വിജയ് നമ്പ്യാർ
- യു.എൻ. സെക്രട്ടറി ജനറലിന്റെ സ്റ്റാഫ് മേധാവിയായി നിയമിതനായ മലയാളി വിജയ് നമ്പ്യാർ

## യുഎൻ ഭാരവാഹികൾ

ഐക്യരാഷ്ട്രസഭാ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ .......................... ആഷാ റോസ് മിജിറോ
ജനറൽ അസംബ്ലി പ്രസിഡന്റ് ...................................... മിഗ്വൽ ഡി എസ്‌ക്വറ്റോ ബ്രൂക്മൻ
അന്താരാഷ്ട്ര അണുശക്തിസംഘടന (IAEA)ഡയറക്ടർ ജനറൽ....മുഹമ്മദ്എൽബറാദി
അന്താരാഷ്ട്ര നീതിന്യായ കോടതി (ICJ) പ്രസിഡന്റ് .......................... ഹിഷാഷി ഓവാഡ
യുനസ്കോ ഡയറക്ടർ ജനറൽ ............................................................ ഐറിനാ ബോകോവ
ലോകാരോഗ്യ സംഘടന (WHO) ........................................................ മാർഗരറ്റ് ചാൻ
യൂണിസെഫ് എക്സിക്യൂട്ടീവ് ഡയറക്ടർ..... ആൻ എം വെനിമൻ (Ann M Veneman)
യുണിഡോ ഡയറക്ടർ ജനറൽ ................................................................ Kandeh K Yumkella
എക്കണോമിക് & സോഷ്യൽ കൗൺസിൽ പ്രസിഡന്റ് ....................... സിൽവി ലൂക്കാസ്
അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) ഡയറക്ടർ ജനറൽ ...... ജുവാൻ സൊമാവിയ

# ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ

### അന്താരാഷ്ട്ര തൊഴിൽ സംഘടന
### ILO-International Labour Organisation

1919-ൽ രൂപംകൊണ്ട ഐ.എൽ.ഒ. 1946-ൽ യു.എന്നിന്റെ ആദ്യത്തെ പ്രത്യേക ഏജൻസിയായി മാറി. 178 അംഗരാജ്യങ്ങൾ ഉണ്ട്. സാമൂഹികനീതി, ജീവിത നിലവാരം എന്നിവ ഉയർത്താനും സാമ്പത്തിക സ്ഥിരതയും സംഘടന ലക്ഷ്യമിടുന്നു.

ഐ.എൽ.ഒയുടെ ആസ്ഥാനം ജനീവയാണ്. 1969-ൽ ഈ സംഘടന സമാധാനത്തിനുള്ള നോബൽസമ്മാനം നേടി.

### അന്താരാഷ്ട്ര അണുശക്തി സംഘടന
### IAEA- International Atomic Energy Agency

1957-ൽ നിലവിൽ വന്ന ഇതിന്റെ ആസ്ഥാനം വിയന്നയാണ്. ആണവോർജ്ജം സമാധാനത്തിന് (Atom for peace) എന്നുള്ളതാണ് പ്രഖ്യാപിത നയം. 150 അംഗരാജ്യങ്ങൾ ഉണ്ട്.

യോക്കിയോ അമാനോ (ജപ്പാൻ) ആണ് ഇപ്പോഴത്തെ ഡയറക്ടർ ജനറൽ.

2005 ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിനർഹനായത് മുൻ ഡയറക്ടർ ജനറലായിരുന്ന മുഹമ്മദ് എൽബരാദിക്കും IAEA യ്ക്കും കൂടിയാണ്.

### അന്താരാഷ്ട്ര വ്യാപാര സംഘടന
### World Trade Organisation - WTO

1995 ജനുവരി 1-ന് ഗാട്ടിന് പകരമായാണ് അന്താരാഷ്ട്ര വ്യാപാര സംഘടന നിലവിൽ വന്നത്. ഇതിൽ 151 അംഗങ്ങളുണ്ട്.

രാജ്യാന്തര വ്യാപാരം മെച്ചപ്പെടുത്താനും സുഗമമാക്കാനും വേണ്ടി നിലവിൽ വന്ന ഇതിന്റെ ആസ്ഥാനം ജനീവയാണ്.

വ്യാപാര സംഘടനയുടെ രൂപീകരണത്തിനു കാരണമായിത്തീർന്ന നിർണായക ഉച്ചകോടി നടന്നത് 1994ഏപ്രിൽ 15-ന് മൊറോക്കയിലെ മാരക്കേഷിൽ വച്ചാണ്.

### ലോകാരോഗ്യ സംഘടന
### World Health Organisation - WHO

ലോകത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക, രോഗനിവാരണ യത്നങ്ങൾ നടത്തുക എന്നിവയാണ് 1948-ൽ രൂപീകൃതമായ WHOന്റെ പ്രധാന ദൗത്യങ്ങൾ.

സംഘടനയുടെ ആസ്ഥാനം ജനീവയാണ്. ഇതിൽ 193 അംഗരാജ്യങ്ങളുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റ് മാർഗരറ്റ് ചാൻ ആണ്.

2009-ലെ ലോകാരോഗ്യദിനസന്ദേശം **"Save lives, make hospitals in emergencies"** എന്നതാണ്.

### അന്താരാഷ്ട്ര മാരിടൈം സംഘടന (IMO)

1958-ൽ നിലവിൽ വന്നു. സംഘടനയുടെ ലക്ഷ്യം അംഗരാജ്യങ്ങൾക്കിടയിൽ നാവിക ഗതാഗതം സുഗമമാക്കുന്നതിനുള്ള സങ്കേതവും വിവരങ്ങളും വ്യാപിപ്പിക്കുക എന്നതാണ്. 166 അംഗങ്ങളുള്ള സംഘടനയുടെ ആസ്ഥാനം ലണ്ടനാണ്.

### ലോകബാങ്ക്

ആസ്ഥാനം വാഷിങ്ടൺ. ലോകബാങ്ക് നിലവിൽ വന്നത് 1945 ഡിസംബർ 27നാണ്. ലോകബാങ്കിന്റെ ഇപ്പോഴത്തെ അംഗസംഖ്യ 183.

ലോകബാങ്ക് അറിയപ്പെടുന്നത് ഐ.ബി.ആർ.ഡി (IBRD) എന്നാണ്. 'ബ്രട്ടൺവുഡ് ഇരട്ടകൾ' (സഹോദരിമാർ) എന്നറിയപ്പെടുന്നത് ലോകബാങ്ക് , അന്താരാഷ്ട്രനാണയനിധി എന്നിവയാണ്.

ലോകബാങ്കും അന്താരാഷ്ട്ര നാണയനിധിയും രൂപീകരിക്കുവാൻ കാരണമായ സമ്മേളനം നടന്നത് അമേരിക്കയിലെ ബ്രട്ടൺവുഡിലാ (1944 ജൂലൈ 25ന്) ണ്.

ലോകബാങ്ക് പ്രധാനമായും അഞ്ച് സ്ഥാപനങ്ങൾ ചേർന്നതാണ്.

- അന്താരാഷ്ട്ര പുനർനിർമ്മാണ-വികസന ബാങ്ക് (International Bank for Reconstruction and Development : IBRD)
- അന്താരാഷ്ട്ര വികസനനിധി (International Development Authority : IDA)
- അന്താരാഷ്ട്ര ധനകാര്യ കോർപ്പറേഷൻ (International Finance Corporation : IFC)
- ബഹുകക്ഷി നിക്ഷേപ സുരക്ഷാ ഏജൻസി (Multilateral Investment Guarantee Agency : MIGA)
- അന്താരാഷ്ട്ര നിക്ഷേപ തർക്ക പരിഹാര കേന്ദ്രം (International centre for settlement of Investment Disputes : ICSID)

### ലോക ഭൗമ-വൈജ്ഞാനിക സംഘടന
### World Meteorological Organisation - WMO

1947-ൽ രൂപീകൃതമായ ഈ സംഘടനയിൽ 187 അംഗങ്ങളുണ്ട്. ആസ്ഥാനം- ജനീവ. ലോകരാഷ്ട്രങ്ങൾക്കിടയിൽ, കാലാവസ്ഥയേയും ഭൗമാന്തരീക്ഷത്തേയും കുറിച്ചുള്ള സുഗമമായ വിവരക്കൈമാറ്റമാണ് സംഘടന ലക്ഷ്യമാക്കുന്നത്.

ലോക ഭൗമ കോൺഗ്രസ് നാലുവർഷത്തിലൊരിക്കൽ നടക്കുന്നു.

മൂന്നാം അന്താരാഷ്ട്ര കാലാവസ്ഥാ സമ്മേളനം നടന്നത് 2009-ൽ ജനീവയിൽ വെച്ചാണ്. ഐക്യരാഷ്ട്ര സഭാ കാലാവസ്ഥ വ്യതിയാന ഉച്ചകോടി ന്യൂയോർക്കിൽ നടന്നു. 2010 -ലെ കാലാവസ്ഥ ഉച്ചകോടി മെക്സിക്കോയിലെ കാൺകണിൽ നടന്നു.

### ഐക്യരാഷ്ട്ര ശിശുസഹായ ഫണ്ട്
### United Nations Childrens Fund - UNICEF

1946-ൽ രൂപീകൃതമായ സംഘടന ലോകമെങ്ങുമുള്ള ശിശുക്കളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ്. സംഘടനയിൽ 155 അംഗരാജ്യങ്ങളുണ്ട്. ആസ്ഥാനം ന്യൂയോർക്കാണ്.

### ഐക്യരാഷ്ട്ര വികസന പരിപാടി
### United Nations Environment Programme - UNEP

വിദഗ്ധരെ നൽകുകയും ജനങ്ങളെ പരിശീലിപ്പിക്കുകയും വഴി രാജ്യങ്ങളുടെ പ്രകൃതി-മനുഷ്യ വിഭവങ്ങളുടെ ഉന്നമനത്തിലൂടെ സാമ്പത്തിക പുരോഗതി സാദ്ധ്യമാക്കുകയാണ് സംഘടനയുടെ ലക്ഷ്യം. 1965-ൽ നിലവിൽ വന്നു. ആസ്ഥാനം ന്യൂയോർക്ക്. അംഗരാജ്യങ്ങൾ - 166.

### ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടി
### United Nations Childrens Fund - UNICEF

പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആഗോള സഹകരണം ലക്ഷ്യമിടുന്ന ഈ സംഘടന രൂപം കൊണ്ടത് 1972-ലാണ്. ആസ്ഥാനം നെയ്റോബി.

### ഐക്യരാഷ്ട്ര ജനസംഖ്യാ നിധി
### United Nations Fund for Population Activities

1967-ൽ രൂപീകൃതമായ സംഘടനയുടെ ലക്ഷ്യം, വികസ്വര രാജ്യങ്ങളിലെ ജനസംഖ്യാ പ്രശ്നങ്ങളിൽ സഹായിക്കുക എന്നതാണ്. ആസ്ഥാനം-ന്യൂയോർക്ക്.

### ഐക്യരാഷ്ട്ര അഭയാർത്ഥി കമ്മീഷൻ
### United Nations High Commission for Refugees - UNHCR)

1950-ൽ രൂപീകൃതമായ സംഘടനയുടെ ലക്ഷ്യങ്ങൾ, അഭയാർത്ഥികൾക്ക് അന്താരാഷ്ട്ര സംരക്ഷണം നൽകുകയും അഭയാർത്ഥി പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയുമാണ്. 1954-ലും 1981-ലും സംഘടനയ്ക്ക് സമാധാനത്തിനുള്ള നൊബൽ സമ്മാനം ലഭിച്ചിരുന്നു. ആസ്ഥാനം- ജനീവ. അംഗരാജ്യങ്ങൾ- 120. UNHCR -ന്റെ ഇപ്പോഴത്തെ ഹൈ കമ്മീഷണർ അന്റോണിയോ ഗട്ടേഴ്സ് (പോർച്ചുഗൽ).

### ഐക്യരാഷ്ട്ര വ്യവസായ വികസന സമിതി
### United Nations Industrial Deve.Organisation

അവികസിത രാജ്യങ്ങളിലെ വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1967-ലാണ് സംഘടന രൂപം കൊണ്ടത്. സംഘടനയിൽ 171 അംഗരാജ്യങ്ങളുണ്ട്. ആസ്ഥാനം- വിയന്ന.

### അന്താരാഷ്ട്ര നാണയനിധി
### International Monetary Fund - IMF

അന്താരാഷ്ട്ര നാണ്യസഹകരണം മെച്ചപ്പെടുത്തുക, അന്താരാഷ്ട്ര വ്യാപാരം വ്യാപിപ്പിക്കുക, നാണയക്കൈമാറ്റ സ്ഥിരത ഉറപ്പുവരുത്തുക, വിദേശ നിയന്ത്രണങ്ങൾ (വ്യാപാര രംഗത്ത്) ഇല്ലാതാക്കൽ തുടങ്ങിയ ലക്ഷ്യങ്ങളോടെ 1945-ലാണ് ഐ.എം.എഫ് സ്ഥാപിതമായത്. അംഗരാജ്യങ്ങൾ 190.

ഐ.എം.എഫിന്റെ രൂപീകരണ ചർച്ചകളിൽ പങ്കെടുത്ത ലോക പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ ഇർവിങ് ഫിഷനാണ്.

ആസ്ഥാനം-വാഷിംഗ്ടൺ ഡി.സി.

### അന്താരാഷ്ട്ര വ്യോമയാന സംഘടന
### International Civil Aviation Organisation

അന്താരാഷ്ട്ര വ്യോമയാനത്തിലെ പ്രശ്നങ്ങൾ പഠിക്കുകയും അന്താരാഷ്ട്ര മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും നിർദ്ദേശിക്കു

കയുമാണ് 1947-ൽ സ്ഥാപിതമായ സംഘടനയുടെ ലക്ഷ്യം. സംഘടനയിലെ 189 അംഗ രാജ്യങ്ങൾ മൂന്നുവർഷത്തിലൊരിക്കൽ സമ്മേളിക്കുന്നു. ആസ്ഥാനം - മോണ്ട്റിയൽ.

### അന്താരാഷ്ട്ര തപാൽ യൂണിയൻ
### Universal Postal Union - UPU

1874-ൽ സ്ഥാപിതമായ യു.പി.യു, 1947-ലാണ് ഐക്യരാഷ്ട്ര സംഘടനയുടെ ഒരു പ്രത്യേക ഏജൻസിയായി മാറിയത്.
തപാൽ സംവിധാനം മെച്ചപ്പെടുത്തൽ, അന്താരാഷ്ട്ര സഹകരണം വളർത്തൽ എന്നിവയാണ് സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ. സംഘടനയുടെ മൊത്തം അംഗസംഖ്യ 190 ആണ്. ആസ്ഥാനം ബേൺ (സ്വിറ്റ്സർലന്റ്)
ലോക തപാൽ ദിനം ഒക്ടോബർ 9.
ദേശീയ തപാൽ ദിനം ഒക്ടോബർ 10.

### അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ
### International Telecommunication Union - ITU

1865-ൽ രൂപീകൃതമായ ഈ സംഘടന 1947-ലാണ് ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക ഏജൻസിയായത്. സ്പേസ് കമ്മ്യൂണിക്കേഷൻ ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിലെ എല്ലാത്തരം വാർത്താവിനിമയ പരിപാടികളുടെയും നിയന്ത്രണം, സംവിധാനം രൂപരേഖ എന്നിവ നടത്തുന്നത് യൂണിയൻ ആണ്. അംഗരാജ്യങ്ങൾ 189. ആസ്ഥാനം- ജനീവ.

### ഏഷ്യാ പസഫിക് സാമ്പത്തിക സാമൂഹിക കമ്മീഷൻ - ESCAP

ഏഷ്യയിലെയും വിദൂര പൂർവദേശങ്ങളിലെയും സാമൂഹിക - വിദ്യാഭ്യാസ - സാമ്പത്തിക-ആരോഗ്യ രംഗങ്ങളിലെ സ്ഥിതി മെച്ചപ്പെടുത്തലാണ് സംഘടനയുടെ ലക്ഷ്യം. ESCAP-ന്റെ സുവർണ ജൂബിലി സമ്മേളനം 1994 ഏപ്രിലിൽ ന്യൂഡൽഹിയിൽ നടന്നു. സംഘടനയുടെ ആസ്ഥാനം - ബാങ്കോക്ക്. ആകെ അംഗങ്ങൾ 53.

### ലോക ബൗദ്ധിക സ്വത്തവകാശ സംഘടന - WIPO
### World Intellectual Property Organisation

1967-ൽ നിലവിൽ വന്ന WIPO 1974-ൽ യു.എന്നിന്റെ പ്രത്യേക ഏജൻസിയായി. ലോകമാകമാനം ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുക, ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട കരാറുകൾ രൂപീകരിക്കുക തുടങ്ങിയവയാണ് സംഘടനയുടെ പ്രധാന ദൗത്യങ്ങൾ. 183 അംഗരാജ്യങ്ങളുണ്ട്. ആസ്ഥാനം - ജനീവ.

### അന്താരാഷ്ട്ര കാർഷിക വികസന നിധി IFAD

നൂറുകോടി ഡോളറിന്റെ ആസ്തിയുള്ള IFAD യുടെ ലക്ഷ്യം വികസ്വര രാജ്യങ്ങളിലെ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുക, ദരിദ്ര-ഭൂരഹിത കർഷകർക്ക് തൊഴിൽ പ്രദാനം ചെയ്യുക, പോഷകാഹാര കുറവ് പരിഹരിക്കുക തുടങ്ങിയവയാണ്. വികസിത രാജ്യങ്ങളും പെട്രോളിയം ഉൽപ്പാദന രാജ്യങ്ങളും ചേർന്നാണ് നിധി രൂപീകരിച്ചിരിക്കുന്നത്. അംഗരാജ്യങ്ങൾ-164, ആസ്ഥാനം - റോം.

### ഭക്ഷ്യ കാർഷിക സംഘടന
### Food and Agricultural Organisation - FAO

ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതാണ് ഇതിന്റെ ലക്ഷ്യം. 1945 ഒക്ടോബർ 16-നാണ് ഭക്ഷ്യ കാർഷിക സംഘടന രൂപം കൊണ്ടത്.

## പ്രധാന ലോക സംഘടനകൾ

**കോമൺവെൽത്ത്:** ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന 53 രാജ്യങ്ങളുടെ സംഘടനയാണ്. ആസ്ഥാനം ലണ്ടനാണ്.
**ചേരിചേരാ പ്രസ്ഥാനം (NAM- Non Aligned Movement)**
1961 സെപ്റ്റംബറിൽ യുഗോസ്ലാവിയയിലെ ബെൽഗ്രേഡിൽ വച്ച് രൂപംകൊണ്ടു.
**സാർക്കV (SAARC-South Asian Association for Regional Co-Operation)**
ദക്ഷിണ ഏഷ്യയിലെ ഏഴ് രാജ്യങ്ങൾ ചേർന്ന് രൂപം നൽകിയ സംഘടനയാണ് 'സാർക്ക്'. സ്ഥിരം സെക്രട്ടേറിയറ്റ് നേപ്പാളിലെ കാഠ്മണ്ഡുവിലാണ്. ഇന്ത്യാ, ബംഗ്ലാദേശ്, പാകിസ്ഥാൻ, ശ്രീലങ്ക, ഭൂട്ടാൻ, നേപ്പാൾ, മാലദ്വീപ് എന്നിവയാണ് സ്ഥാപക അംഗരാജ്യങ്ങൾ.
**നാറ്റോ (NATO):** 1949 ന് വാഷിംഗ്ടണിൽ വച്ചാണ് സംഘടന രൂപീകൃതമായി. ആസ്ഥാനം ബൽജിയത്തിലെ ബ്രസ്സൽസ്.
**യൂറോപ്യൻ യൂണിയൻ (European Union)**
1993-ൽ രൂപം നൽകിയ സംഘടന. ബ്രസ്സൽസാണ് ആസ്ഥാനം.
**യൂറോപ്യൻ സാമ്പത്തിക സമൂഹം (EEC)** (European Economic Community): 1958 ജനുവരി ഒന്നിന് രൂപംകൊണ്ടു. ആസ്ഥാനം ബ്രസ്സൽസ്.
**യൂറോപ്യൻ സ്വതന്ത്ര വ്യാപാരസംഘടന (EFTA):** 1960-ലാണ് രൂപംകൊണ്ടത്.
**യൂറോപ്യൻ ബഹിരാകാശ സംഘടന (ESA):** 1975-ൽ രൂപംകൊണ്ടു. ആസ്ഥാനം പാരീസ്.
**ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സ് (OAS):** ആസ്ഥാനം വാഷിംഗ്ടൺ ഡി.സി.
**ലീഗ് ഓഫ് അറബ് സ്റ്റേറ്റ്സ്:** 1945-ൽ നിലവിൽ വന്നു. ആസ്ഥാനം - കെയ്റോ.
**ഓർഗനൈസേഷൻ ഓഫ് ആഫ്രിക്കൻ യൂണിറ്റി (OAU)**
ആസ്ഥാനം - ആഡിസ് അബാബ (എത്യോപ്യ). 1963-ലാണ് രൂപംകൊണ്ടത്.
**ആസിയൻ** ((Association of South East Asean Nations - **ASEAN):** ആസ്ഥാനം- ജക്കാർത്ത.
**പെട്രോളിയം കയറ്റുമതി രാഷ്ട്രങ്ങളുടെ സംഘടന** (Organisation of Petroleum Exporting Countries- **OPEC**). ആസ്ഥാനം - വിയന്ന.
**ആൻസസ് കൗൺസിൽ (ANZUS Council):** 1951-ൽ രൂപംകൊണ്ടു. ആസ്ഥാനം-കാൻബെറ.
**സാമ്പത്തിക സഹകരണ-വികസന സംഘടന (OECD)**
1961-ലാണ് സംഘടന രൂപംകൊണ്ടത്. പാരീസാണ് ആസ്ഥാനം.
**ബെനലെക്സ് സാമ്പത്തിക സംഘടന (BENELUX Economic Union)**
ബൽജിയം, നെതർലന്റ്സ്, ലക്സംബർഗ് അംഗങ്ങൾ. 1958-ൽ നിലവിൽ വന്നു. ആസ്ഥാനം- ബ്രസ്സൽസ്.
**അന്താരാഷ്ട്ര റെഡ്ക്രോസ് കമ്മിറ്റി (ICRC):** 1863-ൽ രൂപീകൃതമായി. ആസ്ഥാനം-ജനീവ.
**ഇന്റർപോൾ (Interpol):** 1923-ൽ രൂപീകൃതം. ആസ്ഥാനം-ലിയോൺസ് (ഫ്രാൻസ്-പാരീസ്).
**ജി-8:** ജി-7 റഷ്യയെ ഉൾപ്പെടുത്തി ജി-8 ആക്കി.
**ജി-77 (Group of 77):** 1964-ൽ രൂപംകൊണ്ടു.
**ജി-15:** 1990-ൽ മലേഷ്യയിൽ രൂപംകൊണ്ടു.
**ജി-20:** പ്രബലമായ 20 രാജ്യങ്ങൾ ചേർന്നതാണ് ജി-20.
**ജി-4:** ഇന്ത്യ, ബ്രസീൽ, ജപ്പാൻ, ജർമ്മനി എന്നീ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ജി-4.
**കോമൺവെൽത്ത് ഓഫ് ഇൻഡിപ്പെൻഡന്റ് സ്റ്റേറ്റ്സ് (CIS):** 1991-ൽ സ്ഥാപിതമായി. ആസ്ഥാനം മിൻസ്ക്.
**ബിംസ്റ്റെക്ക് (BIMSTEC):** 1997-ൽ ബാങ്കോക്കിൽ രൂപീകരിച്ചു.
**ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോൺഫെഡറേഷൻ (OIC):** ഇന്റർ ഗവണ്മെന്റ് ഓർഗനൈസേഷൻ. മൊറോക്കോയിലെ റാബറ്റിൽ 1969-ൽ സ്ഥാപിതമായി.
**ആംനസ്റ്റി ഇന്റർനാഷണൽ:** 1961-ൽ രൂപീകരിച്ചു. ആസ്ഥാനം-ലണ്ടൻ.
**ഏഷ്യൻ വികസന ബാങ്ക് (ADB- Asian Development Bank):** 1966-ൽ നിലവിൽ വന്നു.
1974 എ.ഡി.ബി, ഏഷ്യൻ വികസന നിധി (ADF) ആരംഭിച്ചു.
ആസ്ഥാനം- മനില (ഫിലിപ്പീൻസ്).
**അന്റാർട്ടിക് സഖ്യം (Antarctic Treaty):** 1959-ൽ 12 രാജ്യങ്ങൾ ഒപ്പിട്ട കരാറാണിത്.
**സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്:** 1907-ൽ രൂപീകരിച്ചു.